കഥാനിബന്ധങ്ങളുടെ കൂട്ടത്തിൽ ജീവിതത്തിന്റെ ചിത്രീകരണത്തിനും അതിനു ഭാഷ്യം രചിക്കാനും ഉതകുമാറ് താരതമ്യേന ആധുനികമെന്നു പറയാവുന്ന ഒരു ശാഖയാണ് നോവൽ ചെറുകഥകളിൽ ഒതുങ്ങാത്ത ഇതിവൃത്തങ്ങളും ജീവിതവൃത്തങ്ങളും കൊണ്ട് ഈ രംഗത്തേയ്ക്കു കടന്നുവന്ന എഴുത്തുകാരനെ അവന്റെ കഴിവിന്റെ പരമാവധി വളർത്തിയെടുക്കുവാൻ ഇതുപകരിക്കുകയുണ്ടായ ഒരു പരിധിവരെ നോവലുകളിൽ സെന്റിമെന്റലിസം കലർന്നുകാണാറുണ്ടെങ്കിലും ഭാവങ്ങൾ പലപ്പോഴും അതിഭാവുകാമൃത്തലേയ്ക്കു വഴുതിപ്പോവാറുണ്ടെങ്കിൽത്തന്നെയും സംഭവങ്ങളോടും കഥാപാത്രങ്ങളോടും ഒരുതരം നിസ്സംഗമനോഭാവം വച്ചുപുലർത്തുന്നത് രചയിതാവിന്റെ ഒരു പ്രത്യേകതയായി പലപ്പോഴും കണ്ടുവരുന്നു കഥാപാത്രങ്ങളെ ദുരിതങ്ങളുടെ ഉഷ്ണജലധിയിലേയ്ക്കു വലിച്ചെറിഞ്ഞു കഷ്ടപ്പെടുത്താനും വേണ്ടിവന്നാൽ വായനക്കാരനെ കണ്ണീർക്കടലിൽ സഹരിക്കാനും സാധിക്കുന്നത് മിക്കവാറും ഈ നിസ്സംഗമനോഭാവം കൊണ്ടാണ്

ഇരുപതാം നൂററാണ്ടിന്റെ പ്രാരംഭത്തിലെ നോവലുകളിലൂടെ പരിതോവസ്ഥകളുടെ അടിമകളായിക്കഴിയുന്ന കർമ്മനിഷ്ഠരായ മനുഷ്യരെ നാം കണ്ടുമുട്ടി സ്ഥലകാലബദ്ധമായ കർമ്മങ്ങളുടെ സംവിധാനത്തിലൂടെ രൂപപ്പെടുത്തുന്ന ഇതിവൃത്തവും കഥാപാത്രങ്ങളും ഈ നോവലുകളിലൂടെ തെളിഞ്ഞുനിന്നു കഥാപാത്രങ്ങൾ നേരിടുന്ന ജീവിതസന്ധികളും അവയുടെ നേരെയുള്ള പ്രതികരണങ്ങളും കർമ്മങ്ങളുമാണ് ഇവിടെ ഇതിവൃത്തമെന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പാത്രസ്വഭാവത്തിന്റെ തരം തിരിവും ജീവിതസംഭവങ്ങളുടെ വൈരുദ്ധ്യവും പ്രകടമായ രീതിയിൽ അന്നു വേറിട്ടു നിൽക്കുകയായിരുന്നു ചന്തുമേനോന്റെ ഇന്ദുലേഖയുടെയും മാധവന്റേയും ജീവിതത്തിൽ പ്രേമവും തടസ്സവും സാഫല്യങ്ങളും മാത്രമല്ല ഉണ്ടായിരുന്നത് കഥകളി ഭ്രാന്തും വിടവൃത്തിയും കഴിഞ്ഞാലും സൂരിനമ്പൂതിരിപ്പാടിൽ മററനേകം അംശങ്ങൾ കൂടിയുണ്ട് ഇതു മനസ്സിലാക്കിക്കൊണ്ടുതന്നെതാണ് നാം നോവലിലൂടെ മുന്നോട്ടുപോകുന്നത് പക്ഷേ ജീവിതസംഭവങ്ങളുടെയും പാത്രസ്വഭാവത്തിന്റെയും തരംതിരിവ് സാധ്യമാക്കിയിരുന്ന മാനദണ്ഡം ആധുനിക നോവലിസ്റ്റിനു നഷ്ടമായിരിക്കുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു ജീവിത യാഥാർത്ഥ്യത്തോടു കൂട്ടുതലടുക്കുവാൻ അവൻ വെമ്പൽകൊള്ളുകയാണ് ബോധത്തിന്റെ ആരംഭം മുതൽ അവസാനംവരെ നമ്മെ ചുഴന്നുനിൽക്കുന്ന അർദ്ധസുതാര്യമായ ഒരാവരണമായി ജീവിതത്തെ കാണുകയും അജ്ഞാതവും അപരിമേയവുമായ ഈ സത്തയെ ഏതുതരം മാർഗ്ഗഭ്രംശമോ സങ്കീർണ്ണതയോ കാണിച്ചാലും അന്യമായ അംശങ്ങളെ കഴിയുന്നതും ഒഴിച്ചുനിർത്തിക്കൊണ്ട് സംവേദനം ചെയ്യുക എന്നത് സ്വന്തം കടമയായി കരുതുകയും ചെയ്യുന്നു

ആധുനിക നോവലെഴുത്തുകാരന്റെ പ്രശ്നങ്ങൾ ഇവിടെ അവസാനിക്കുന്നില്ല മനുഷ്യരെ തമ്മിൽ അടുപ്പിച്ചു നിർത്തിയിരുന്ന വിശ്വാസങ്ങളുടെ–മൂല്യങ്ങളുടെ അടിത്തറ ഇളകിക്കഴിഞ്ഞിരിക്കുന്നു ഈ യുഗം വിശ്വാസത്തകർച്ചയുടെ യുഗമാണെന്ന് പലരാലും വിശേഷിപ്പിക്കപ്പെടാറുണ്ട് ഈ വിശ്വാസങ്ങളിന്മേലാണ് സാഹിത്യകാരൻ ഇക്കാലമത്രയും ഉറച്ചുനിന്നിരുന്നത് ഇന്നവൻ ഏകാകിയായിരിക്കുന്നു ഓരോ മനുഷ്യരെയുംപോലെ തന്നിലേക്കുതന്നെ ഒതുങ്ങിക്കൂടുവാനുള്ള പ്രവണത പ്രകടമായിക്കാണുന്നുണ്ട് ഓരോരുത്തരും ഓരോ ദ്വീപമായി മാറിയിരിക്കയാണ് ഇങ്ങനെയുള്ള ഒരു മാനസിക ഘടനയിലൂടെ ജീവിതബന്ധങ്ങളെക്കുറിച്ച് എഴുതുന്നതിന് എന്തു പ്രസക്തിയാണുള്ളത്

സ്വന്തം ജീവിത വീക്ഷണത്തെപ്പററി എം മുകുന്ദന്റെ വാക്കുകൾ ശ്രദ്ധിക്കുക തൂക്കിക്കൊല്ലുവാൻ വിധിക്കപ്പെട്ട ഞാൻ തടവുമുറിയിൽ കിടക്കുകയാണ് രാത്രി നാളെ പുലർച്ചയ്ക്കു ആരാച്ചാർ വന്നു എന്നെ കഴുമരത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും അതിനു മുമ്പായി ജയിലിൽ എനിക്കു വിഭവസമൃദ്ധമായ ഒരു ഭക്ഷണം ലഭിക്കുന്നു ഒരു പെണ്ണിനെയും പക്ഷെ വെളിയിൽ കഴുമരം കാത്തുനിൽക്കുമ്പോൾ അതിനെക്കുറിച്ചോർത്തു കണ്ണീർ വാർക്കാനല്ലാതെ എങ്ങനെ ഈ ഭക്ഷണം ആസ്വദിക്കാനും ഈ പെൺകുട്ടിയോടൊപ്പം ഉറങ്ങുവാനും എനിക്കു കഴിയും? ഇതൊരു നിരാശയല്ല ഏകാന്തബോധവുമല്ല നേരെ മറിച്ച് വേദനയും രോദനവുമാണ് സ്വന്തം അസ്തിത്വത്തെക്കുറിച്ചുള്ള ആശങ്ക — ഞാൻ മാത്രമേയുള്ളു എനിക്കുമുമ്പ് യാതൊന്നുമുണ്ടായിരുന്നില്ല എനിക്കുശേഷവും ഒന്നുമുണ്ടാകുകയില്ല എന്നുള്ള വേദന— ഇതു നോവലിസ്റ്റിന്റെ മാത്രമല്ല ആധുനിക മനുഷ്യന്റെ മുഴുവനും വേദനയാണെന്നു ഞാൻ കരുതുന്നു ഈ പരിതസ്ഥിതിയിൽ സൃഷ്ടികർത്താവിന് ആശ്രയിക്കാവുന്ന യാതൊരു വിശ്വാസവും സ്വീകരിക്കുവാൻ സാദ്ധ്യമല്ലതന്നെ

മനുഷ്യന്റെ ജനനമരണങ്ങളും അവയുടെ വിശദീകരണക്ഷമമല്ലാത്ത വൈചിത്ര്യങ്ങളും മറെറാരു കടംകഥയായി മുന്നിൽ അവശേഷിക്കുന്നു മനുഷ്യനെ ദൈവം സൃഷ്ടിച്ചു എന്ന ഉത്തരം ആധുനികനു സ്വീകാര്യമല്ല ആദിമനുഷ്യനായ ആദമിനെ ദൈവം സൃഷ്ടിച്ചു എന്ന് ബൈബിൾ പറയുന്നു ആദമിന്റെ ആത്മാവ് ദൈവം സൃഷ്ടിച്ചുവെങ്കിൽ തുടർന്നുള്ള ആത്മാക്കളെ ആരു സൃഷ്ടിച്ചു? അത് ആദമിന്റെ ആത്മാവു വിഭക്തമായി പെരുകിയുണ്ടായതാണോ? അതോ ഓരോ ശിശുവും ജനിക്കുമ്പോൾ ദൈവം ഓരോ ആത്മാവ് സൃഷ്ടിക്കുന്നുണ്ടോ? ലോക

സൃഷ്ടി ആറുദിവസം കൊണ്ടു് നിർവ്വഹിച്ചശേഷം ദൈവം ഇപ്പുഴം വിശ്രമിക്കുകയാണോ? അതോ ഇപ്പുഴം സൃഷ്ടി അനുസ്യൂതം നടത്തിക്കൊണ്ടിരിക്കുകയാണോ? മനുഷ്യനിൽ വ്യാപരിക്കുന്ന സർഗ്ഗശക്തിയെക്കുറിച്ചുള്ള വിശദീകരണമെന്താണു്? ജനനവും മരണവും ഇന്നും വിചിത്രമായ രഹസ്യങ്ങളായി നിലകൊള്ളുന്നു അന്ധവിശ്വാസങ്ങളുടെ വിഴിപ്പുഭാണ്ഡവും പേറി നടക്കുവാൻ ആധുനികനായ എഴുത്തുകാരൻ തയ്യാറാവില്ല അവനാവശ്യം പുതിയ ചിന്തകളാണു്—ദർശനങ്ങളാണു് മനുഷ്യജീവിതത്തിന്റെ പ്രസക്തിയെക്കുറിച്ചു് അന്വേഷിക്കുവാൻ—മതവും ശാസ്ത്രവും പരാജയപ്പെടുന്നിടത്തു് ദർശനത്തിലൂടെ വിജയവൈജയന്തി പാറിക്കുവാൻ അവൻ വെമ്പൽ കൊള്ളുകയാണു്

കാലത്തിന്റെ കാഴ്ചപ്പാടിൽ മനുഷ്യനുള്ള സ്ഥാനമെന്തു്! ഭൂമി ഉണ്ടായിട്ടു് പത്തു കോടി വർഷങ്ങൾ കഴിഞ്ഞെന്നും മനുഷ്യനുണ്ടായിട്ടു് പത്തു ലക്ഷം വർഷങ്ങൾ കഴിഞ്ഞെന്നും ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു കഴിഞ്ഞ നൂറായിരം വർഷങ്ങളിലെ മനുഷ്യരെപ്പററി മാത്രമേ നമുക്കു് എന്തെങ്കിലും അറിവുള്ളു അതിനുമുമ്പു് യുഗങ്ങളിലൂടെ ജീവിച്ചു് മണ്ണടിഞ്ഞ മനുഷ്യനും നാമും തമ്മിലെന്തു ബന്ധമുണ്ടു്? കഴിഞ്ഞുപോയ യുഗങ്ങളിലെ മനുഷ്യനു് കാലത്തിന്റെ കാഴ്ചപ്പാടിൽ എന്തുവില കല്പിക്കപ്പെടും! ഈ സംസ്കാരത്തിനും ചരിത്രത്തിനും വിജ്ഞാനത്തിനും അവിടെ എന്തുമൂല്യം? അതായതു് കാലത്തിന്റെ ദൃഷ്ടിയിൽ മനുഷ്യൻ കേവലം അഗണ്യനാണു് നിസ്സാരനാണു് മനുഷ്യന്റെ അജ്ഞതയെക്കുറിച്ചു് ചിന്തിച്ചുനോക്കുക! തനിക്കറിയാത്ത കാര്യങ്ങളെക്കുറിച്ചു് പണ്ടൊക്കെ അന്ധമായി ചില വിശ്വാസങ്ങൾ വച്ചുപുലത്തിയിരുന്നു തന്നെ സംരക്ഷിക്കുന്ന അദൃശ്യശക്തിയെച്ചൊല്ലി മനുഷ്യൻ ആശ്വസിച്ചു കൂടെ അമ്മയില്ലെങ്കിലും അമ്മയുണ്ടെന്ന വിശ്വാസത്തിൽ ഉറങ്ങുന്ന ശിശു ശാന്തനാണു്—സംതൃപ്തനാണു് ഒന്നിനെക്കുറിച്ചും അതു് ഭയപ്പെടുന്നില്ല പക്ഷേ കണ്ണു തുറന്നു് നോക്കുമ്പോൾ അടുത്തു് അമ്മയില്ലെന്നു ബോധ്യം വരുമ്പോൾ ? ആധുനിക മനുഷ്യൻ ഇന്നു കണ്ണു തുറന്നിരിക്കുന്നു തനിക്കു് സംരക്ഷകനില്ലെന്നു് അവനു് ബോധ്യം വന്നിരിക്കയാണു് അന്ധമായ വിശ്വാസങ്ങളെ പലതും അവൻ വലിച്ചെറിഞ്ഞുകൊണ്ടിരിക്കുന്നു അറിവില്ലായ്മയുടെ വരണ്ട ഭൂമിയിൽ അറിവിന്റെ ദാഹജലത്തിനു് കേഴുകയാണിന്നു് മനുഷ്യൻ പ്രപഞ്ചത്തിന്റേയും തന്റേയും അസ്തിത്വരഹസ്യം അവനു വേണം അവന്റെ പ്രതിനിധിയായ ആധുനിക നോവലിസ്റ്റും കവിയുമൊക്കെ അതിനുവേണ്ടി തിരയുന്നു

പ്രകൃതി മനുഷ്യന്റെ അവബോധത്തിനപ്പുറം നിൽക്കുന്നതിനാൽ അതിനെ ഒരു വിരുദ്ധശക്തിയായി കാണുവാനുള്ള പ്രേരണയാണിന്നു് എഴുത്തുകാരനിൽ തെളിഞ്ഞുകാണുന്നതു് അവനു മോഹഭംഗമുണ്ടു്—പ്രതിഷേധമുണ്ടു് യുവത്വത്തിന്റെ മുന്നിൽക്കാണുന്ന കറുത്ത പുകയെപ്പററി സമൂഹം തലമുറകൾക്കു വേണ്ടി ഒരുക്കിവച്ചിരിക്കുന്ന നിഷ്ക്രിയത്വത്തെച്ചൊല്ലി അവൻ പ്രതിഷേധിക്കുന്നു അവന്റെ വിദ്യാഭ്യാസ ജീവിതത്തിൽ ദൈനംദിന ജീവിതത്തിൽ എവിടെയും അവ്യക്തത ആൽബേർകാമു ഇതിനെ അർത്ഥശൂന്യത (absurd) എന്നു വിളിച്ചെങ്കിൽ സാർത്രു് ഇതിനെ മനം പിരട്ടൽ (Nausea) എന്നാണു് വിശേഷിപ്പിച്ചതു് എം ടി യുടെ സൃഷ്ടികളിൽ ഈ വ്യർത്ഥത കാണാം കാക്കനാടന്റെ നോവലുകളിലെ ഒററപ്പെട്ടവന്റെ പ്രതിഷേധവും വിജയന്റെ കഥാപാത്രങ്ങളുടെ അസ്തിത്വദുഃഖവും ഇതു വരച്ചുകാണിക്കുന്നു സേതുവും രവിയുമൊക്കെ ജീവിതാവ്യക്തതയുടെ പ്രതീകങ്ങളായി മാറുകയാണുണ്ടായതു്

മാററത്തിനുവേണ്ടിയുള്ള കൗതുകം മുന്നിട്ടുനിൽക്കുന്നതുകൊണ്ടു് അഗാധതയുള്ള ഒരു നോവലായി വളരുന്നില്ലെങ്കിൽ കൂടി ഒരു ഭാവ ഗീതത്തിന്റെ മാധുര്യം നിലനിർത്തിക്കൊണ്ടു് ജീവിത വ്യർത്ഥതയെ വിലയിരുത്തുവാൻ എം ടിക്കു് മഞ്ഞി ലൂടെ കഴിയുന്നുണ്ടു് നൈനിററാളിലെ ഒരു സീസണിൽ വിമലയുടെ മനസ്സിൽ ഉടലെടുക്കുന്ന സ്മൃതികളുടേയും പ്രതികരണങ്ങളുടേയും വീചികളാണു് മഞ്ഞി ന്റെ അന്തരീക്ഷ വും ഭാവശില്പവും രൂപപ്പെടുത്തുന്നതു് സ്കൂൾ അടച്ചു് വിദ്യാർത്ഥികൾ ബോർഡിംഗ് വിടുന്നു സന്ദർശകരുടെ സീസണാണു് രശ്മി വാജ്പേയ് യാത്ര പറഞ്ഞിറങ്ങിയതോടെ ആരംഭിക്കുന്ന നോവലിൽ നഷ്ടസൗഭാഗ്യസ്മൃതിയുടെ മാധുര്യമൂറിനിൽക്കുന്നു നടക്കാനിറങ്ങിയ വിമല ബിന്ദുവിന്റെ കഥ കേൾക്കുന്നു സർദാർജിയുമായി പരിചയപ്പെടുന്നു സുധീർകുമാർ മിശ്ര വന്നെത്തുമെന്ന പ്രതീക്ഷയുടെ നാളം അവളുടെ മനസ്സിൽ എരിഞ്ഞുകൊണ്ടിരിക്കുകയാണു് പക്ഷേ നിഷ്ഫലമാണു് ആ പ്രതീക്ഷ ഓർമ്മകൾ പ്രതീക്ഷകൾ ഇവയുടെ വിഷാദസങ്കുലമായ അനുഭൂതിയുടെ അവ്യക്തമാധുര്യം മഞ്ഞി ൽ ഉടനീളം കാണാം

മഞ്ഞി നെന്നല്ല ആധുനിക നോവലുകൾക്കൊന്നിനും പാരമ്പര്യത്തിന്റെ ഗന്ധം അനുഭവപ്പെടുന്നില്ല കഴിഞ്ഞ തലമുറയുടെ രോഷം എളുപ്പം സമ്പാദിക്കുവാനിവയ്ക്കു കഴിഞ്ഞതും അതുകൊണ്ടുതന്നെ പിതാക്കന്മാരുടെ അനുസരണയുള്ള കുട്ടികളായിരുന്നുകൊണ്ടു് ആത്മപ്രകാശനം നടത്തിയ ചില നോവലെഴുത്തുകാരുടെ പ്രതിഭ പോയകാലത്തിന്റെ ശവകുടീരത്തിനുള്ളിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ സൃഷ്ടിയിലൂടെ എഴുത്തുകാരന്റെ സ്വാതന്ത്ര്യം പ്രകടിപ്പിക്കുന്ന കാര്യത്തിൽ ലജ്ജാകരമാംവിധം അവർ പരാജയപ്പെട്ടു ഇന്നത്തെ നോവലിസ്റ്റിനു് മുഖംമൂടിയില്ല അവനു യാതൊന്നും ഒളിച്ചുവയ്ക്കേണ്ടതായും ഇല്ല സെക്സിന്റെ സൗന്ദര്യവും ഹൃദ്യതയും വർണ്ണിച്ചുകാട്ടി സെക്സിനെ സംബന്ധിക്കുന്ന പാപബോധ ത്തിന്റെ കന്യാചർമ്മം ഭേദിക്കുവാനവർ ഒരുമ്പെടുന്നു കഴിഞ്ഞകാലത്തിന്റെ വക്താക്കൾ ഒളിച്ചുനിന്നുകൊണ്ടു് അതിനെ അശ്ലീല മെന്നു വിളിക്കും ആസന്ന മരണത്തിന്റെ മുഖത്തുനോക്കാതെ സ്വന്തം മനസ്സിൽ പൊട്ടിവിടർന്ന കാമസംതൃപ്തിയുടെ പൂക്കൾ ഉയർത്തിയ ഗന്ധമാസ്വദിച്ചു് നിർവൃതിയിലാണ്ട രതിയും ഇണയാടി വള്ളികൾ തേടിനടക്കുന്ന പപ്പുവും പത്മരാജന്റെ വെറും കഥാപാത്രങ്ങൾ മാത്രമല്ല മറിച്ചു് നമ്മുടെ ജീവിത ബഹളത്തിനിടയിൽ സുപരിചിതങ്ങളായ അനേകം മുഖങ്ങളാണു്

സാമൂഹ്യവീക്ഷണത്തിന്റെ കണ്ണട ബോധപൂർവ്വം എറിഞ്ഞുടച്ചു് പാരമ്പര്യത്തിന്റെ ഉടയാടകൾ ചീന്തിയെറിഞ്ഞു് പൂർണ്ണ നഗ്നരായി മനുഷ്യാസ്തിത്വത്തെ സംബന്ധിക്കുന്ന നിത്യമായ പ്രശ്നങ്ങളുമായി ആധുനിക നോവലിസ്റ്റ് ഇന്നു് ധ്യാനത്തിലിരിക്കുകയാണു് അവനു് സാമൂഹ്യവീക്ഷണം നഷ്ടപ്പെട്ടുവെന്നു് ഇതിനർത്ഥമില്ല പക്ഷേ കൃത്രിമമായ ഒരു സാമൂഹ്യബോധം അവനാവശ്യമില്ല നാളയിലേയ്ക്കുള്ള കാൽവെപ്പിൽ നവ്യമായൊരു ലോകത്തിന്റെ സൃഷ്ടിക്കു് പൊയ്മുഖങ്ങളെ വലിച്ചെറിയേണ്ടിയിരിക്കുന്നു കയ്പേറിയ പരുക്കൻ യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുമ്പോളാണു് നമ്മുടെ ദൗർബ്ബല്യത്തെപ്പററി നമുക്കു് ബോധമുദിക്കുന്നതു് ഈ ദൗർബ്ബല്യമാണു് ആധുനിക സൃഷ്ടികർത്താവിന്റെ ജീവിത വീക്ഷണത്തിന്റേയും അടിസ്ഥാനം □

# വിഡ്ഢിയെത്തുലച്ചു ഞാൻ

ഏത്രർ

എനിക്കീ മഹാബോധി–
ച്ചോട്ടിലൊന്നിരിക്കണം
തനിയെ കണ്ണും പൂട്ടി–
ക്കാററുകൊണ്ടുറങ്ങണം
ഒടുവിൽക്കിനാവിൻെറ–
മഴവിൽപ്പടവേഴം
ക ടന്നെൻ മുന്നിൽക്കൊച്ചു–
നൊമ്പരം വിതുമ്പുന്നോ?
കരിനീലക്കണ്ണെന്തേ
കലങ്ങാൻ കവിതേ!യി
ക്കടവത്താരെക്കാണാൻ
കാത്തുകാത്തിരിക്കുന്നു ?
എന്നിലെക്കവീന്ദ്രനെ
നീറുമാത്മാവിനുള്ളിൽ
ഇന്നലെ രാവിൽത്തന്നെ–
കൊന്നു ഞാൻ കുഴിച്ചിട്ടു
നിൻെറ രാവുകൾ സ്വർഗ്ഗ–
മാക്കി നിന്നൊരെൻ ഗാന–
ത്തിൻെറ പൊൻ കഴുത്തു ഞാ–
നെപ്പൊഴേ ഞെരിച്ചിട്ടു
വിരലൊന്നുടക്കിയാ–
ലെപ്പൊഴും പൊട്ടിപ്പൊട്ടി–
ച്ചിരിക്കും തങ്കത്തനി–
വീണയിട്ടുടച്ചു ഞാൻ
ചിരിക്കാൻ ചിരിച്ചുകൊ–
ണ്ടുറക്കെപ്പാടാൻ കച്ച–
മുറുക്കി ക്കോലം കെട്ടും
വിഡ്ഢിയെത്തുലച്ചുഞാൻ

x x x x x x x

ചീഞ്ഞുനാറുമെൻ ശവ–
ക്കുഴിയിലെന്നും തേങ്ങി–
ത്തേങ്ങിവന്നെത്തും കുഞ്ഞി–
ക്കാററിൻെറ കരങ്ങളിൽ
എൻെറ വാരിയെല്ലൂരി–
• ക്കൊടുക്കാം പുല്ലാങ്കുഴ–
ലൊരുക്കിപ്പാടാനൊക്കു–
മെങ്കിലങ്ങായിക്കോട്ടെ

# യാമിനി

വി. ആർ. ജയമോഹൻ

പ്രിയതമേ! യാമിനീ വരുകനീ നിന്നെഞാൻ
ക്ഷുത്താളുമെൻ കൺകളാൽ നുകരട്ടെ സസ്പൃഹം
ഇക്കബരീ ഭരത്തിൻ മുഗ്ദ്ധതയ്ക്കുള്ളിലിന്നു
തൃഷ്ണയാ മുഴുകട്ടെ ഞാൻ ജാതാവേശമായി
പ്രചണ്ഡമാമേതോവൻ പിപാസപോലുന്മത്ത
മധുരം പാടുന്നൊരീയേകാന്തനിത്യതത—
ന്നന്ധകാരാന്ധമേതോ ഗൃഹാന്തരത്തിൽനിന്നും
നൂപുരനാദം ചിന്നി കാർകുഴലീ നീ വന്നു
നീഹാരാർദ്രസ്നിഗ്ദ്ധമാം നിൻ ശുഭ്രോത്തരീയത്തിൻ
തുമ്പഴിഞ്ഞിഴയുന്നീയിളാംഗത്തിലാലസം
കാൺമൂഞാനഭ്രശുഭ്രസ്ഫടികതുല്യമാമീ
പൂഞ്ചേലയ്ക്കുള്ളിലൂടൊരംഗനയെ വ്യക്തമായ്
ഇവളെൻ്റെ കാമുകി കൊഴിഞ്ഞുപോയോരെത്ര
യുഗങ്ങളിൽ പൂഞ്ചേലയൂർന്നവീണൊരാകാരം
ഗ്രഹിച്ചു ഞാനീയിളാ വീഥികളിൽ ചുററീ? നീ
പ്രിയേ! യെൻ വക്ഷസ്സിങ്കൽ ശിരസ്സർപ്പിച്ചു വാടി
ക്കൂമ്പിയ മിഴികളുമാർന്നു നടന്നു സ്നിഗ്ദ്ധ—
സ്നേഹാമൃതഗാനംപോലൊഴുകിനടന്നു നീ?
സിന്ദൂരച്ചെപ്പിൻമൂടി മാററിവെച്ചിട്ടൊലിവു
ദർപ്പണംനോക്കിപ്പൊട്ടുകുത്തുന്ന ദിനങ്ങളിൽ
വാനത്തിൽ ഭഗ്നപ്രേമ കഥാവക്താവായ്ത്തിങ്കൾ
കാനനേ പരഭൃതംപോലലഞ്ഞു നടക്കേ
നിഴൽ വീഴ്ത്തുമൊലീവിൻ ചോട്ടിൽ വെച്ചെത്രയെത്ര
ചഷകങ്ങളിലാക്കി നീ നൽകിനിൻജീവനം
അന്നോമനമീട്ടിയ രാഗമേതാം വീണയി—
ലന്നു നീ ചൊല്ലിയ സൽ കാവ്യമേതാണു ചൊല്ലൂ!
പിന്നെയുമെത്രയെത്ര യുഗങ്ങളിൽ ഞങ്ങളാ—
കിന്നാരാരാമം തന്നിൽ മേളിച്ചു വീണ്ടും വീണ്ടും!
നിശാഗന്ധിയാൽ മാലകോർത്തു നീയെൻ ഗളത്തി—
ലണിഞ്ഞു ദാരമാം നൽ പുഞ്ചിരി ചാർത്തിനിന്നു
ചേതോഹാരിയാം തവ ഗാനത്തിൻ ചരണങ്ങ—
ളെങ്ങനെ വ്യാഖ്യാനിക്കാൻ? പ്രിയതമേ! ചൊൽക നീ

*   *   *   *   *

മഷിയുണങ്ങിയൊരിപ്പേന താഴെത്താൻ
വെയ്ക്കട്ടെ യാമിനീ ഞാനിതാ യാത്രയായ്

# ഇച്ഛാഭംഗം

## സിറിയക്ക് മാത്യു

എന്തടേ നിന്റെ നാട്ടുകാരി ഒരു പെൺകുട്ടിവന്നിട്ടുണ്ടല്ലോ ജേക്കബ് കതക് തള്ളിത്തുറന്ന് മുറിയിലേക്കു പ്രവേശിച്ചു ആഹാ നീ പാർട്ടികൊള്ളാമല്ലോ ക്ലാസുതുടങ്ങിയില്ല അതിനുമ്പു കത്തീരു തുടങ്ങിയോ?

പിന്നെ കത്തീരു് വീട്ടിലേക്ക് ഒരു കത്തെഴുതുകയാണ് കുറച്ചുപണം വരുത്തണം പേനയടച്ചു മേശപ്പുറത്തു വച്ചു ഓ എന്തൊക്കെയുണ്ട് വിശേഷങ്ങൾ പിള്ളേരൊക്കെ എങ്ങനെയുണ്ട്?

നിനക്ക് റിപ്പോർട്ട് തരാനല്ലേ ഞാൻ നടക്കുന്നത് പോയി തെരക്ക് അവൻ കട്ടിലിലിരുന്നു

പെണങ്ങാതെടാ എന്നാൽ വാ, ഞാനും വരാം എഴുന്നേറ്റ് ഷർട്ടെടുത്തിട്ടു

ആഹാ ഈ മുണ്ടുടുത്തുകൊണ്ടോ നാണമില്ലേ നിനക്ക് ഒന്നുമില്ലെങ്കിൽ ഫൈനലിയറല്ലേ പാന്റ്സെടുത്തിടെടാ

പിന്നെ ഞാൻ പെണ്ണുകാണാനല്ലേ പോകുന്നത് പറഞ്ഞു നോക്കിയിട്ടും പാന്റ്സിടാതെ പോകുവാൻ അവൻ സമ്മതിച്ചില്ല അവൻ നന്നായിട്ട് മിനുങ്ങിത്തന്നെയാണ് രാവിലെ പുറപ്പാട് രാവിലെ ഹെയർക്രീം അന്വേഷിച്ചു റൂമിൽ വന്നപ്പോൾ ഇതിനാണെന്ന് ഓർത്തില്ല

ഒന്നാംവർഷ വിദ്യാർത്ഥികൾ പലരും വന്നിട്ടുണ്ട് നാളെയാണ് അവർക്കു ക്ലാസുകൾ തുടങ്ങുന്നത് ചിലർ മാതാപിതാക്കളോടൊത്താണ് വന്നിരിക്കുന്നത്

ചിലരെയൊക്കെ പരിചയപ്പെട്ടു പുതുതായി വരുന്ന കുട്ടികളെ പരിചയപ്പെടുക എന്നത് കോളേജിലെ ഒരു പതിവുചടങ്ങാണ് പലരും പല സ്ഥലങ്ങളിൽനിന്നും വരുന്നവർ മുടി പറ്റെവെട്ടി മുണ്ടുടുത്ത നാട്ടിൻപുറത്തുകാരും സ്റ്റെപ് കട്ടിംഗും മുപ്പത്തിമൂന്ന് ബെൽസുമായി വരുന്ന നഗരപരിഷ്കാരികളുമുണ്ട് കാസർഗോഡു മുതൽ കന്യാകുമാരിവരെയുള്ളവർ

ദാ നിൽക്കുന്നു നിന്റെ നാട്ടുകാരി ജേക്കബ് വിരൽ ചൂണ്ടിയിടത്തേക്കുനോക്കി രണ്ടു പെൺകുട്ടികൾ സയൻസ് ബ്ലോക്കിന്റെ ഗോവണിയുടെ അടുത്തു നിൽക്കുന്നു

അങ്ങോട്ടുചെന്നു നാട്ടുകാരിയല്ലേ ഒന്നു പരിചയപ്പെട്ടുകളയാം

പേരെന്താ ?

ലിസാകുര്യൻ

നാടെവിടാ ?

നാടിന്റെ പേരുപറഞ്ഞു എന്റെ നാട്ടിൽനിന്നും നാലഞ്ചുമൈൽ ദൂരെയുള്ള ഒരു സ്ഥലം എനിക്കവിടെ പരിചയമുള്ള ചിലരെയൊക്കെ അവൾ അറിയുമെന്നു പറഞ്ഞു ഹോസ്റ്റലിൽ താമസിക്കുവാൻ പോകുന്നു സ്വയം പരിചയപ്പെടുത്തിയിട്ട് യാത്ര പറഞ്ഞ് പിരിഞ്ഞു

എടേ പാർട്ടി കൊള്ളാമല്ലോ നീ ഏതായാലും ഭാഗ്യവാനാണെടാ ഉത്സാഹിച്ചാൽ വളച്ചു കൈയിലെടുക്കാം നാട്ടുകാരനല്ലേ തിരിച്ചുപോരുമ്പോൾ ജേക്കബിന്റെ കമന്റ്

എനിക്ക് വളയ്ക്കുകയും വേണ്ട ഒടിക്കുകയും വേണ്ട നിനക്ക് വേണമെങ്കിൽ ആയിക്കോ അങ്ങനെ പറഞ്ഞെങ്കിലും മനസ്സിൽ ഒരു പ്രത്യേക സുഖം തോന്നി പെണ്ണിനെക്കണ്ടാൽ വലിയ തരക്കേടില്ല

ദിവസങ്ങൾ കടന്നുപോയി ക്ലാസ്സുകൾ മുറയ്ക്കു തുടങ്ങി റോഡിൽവച്ചും ലൈബ്രറിയിൽവച്ചും മറ്റും പലപ്രാവശ്യം കണ്ടുമുട്ടിയപ്പോൾ സ്നേഹപ്രകടനം ഒരു പുഞ്ചിരിയിൽ മാത്രം ഒതുക്കിനിർത്താൻ ശ്രമിച്ചു കാണാതിരിക്കുമ്പോൾ ഒന്നു കാണുവാൻ മനസ്സ് ദാഹിച്ചു എങ്കിലും കാണുമ്പോൾ നാവ് ബന്ധിക്കപ്പെട്ടു തന്നെയിരുന്നു

കൂട്ടുകാർ ഇടക്കിടക്ക് അത്ഥംവച്ച് കളിയാക്കി കേൾക്കുവാൻ രസമായിരുന്നെങ്കിലും അവരുടെ മുന്നിൽവെച്ച് അതൊക്കെ നിഷേധിച്ചു എങ്കിലും കൂടുതൽ കൂടുതൽ കേൾക്കാൻ മനസ്സ് ദാഹിക്കുകയായിരുന്നു

ഒരു ദിവസം ലൈബ്രറിയിൽ ഇരിക്കുകയായിരുന്നു ഉച്ച കഴിഞ്ഞ സമയം എന്തോ കാര്യമായി വായിച്ചുകൊണ്ടിരുന്നു മുന്നിൽ ആരോ വന്നിരുന്നു എന്നു തോന്നി മുഖമുയർത്തി നോക്കിയപ്പോൾ ലിസാ ചുറ്റും നോക്കി ഹാളിൽ ഞങ്ങൾ രണ്ടു പേർ മാത്രം എന്തെന്നില്ലാത്ത ഒരു പരിഭ്രമം പുഞ്ചിരിക്കാൻ ശ്രമിച്ചു

രാജു എന്താണ് വായിക്കുന്നത് അവളാണ് മൗനം ഭഞ്ജിച്ചത്

ഒരു അസയിൻമെന്റ് എഴുതി വയ്ക്കുവാനുണ്ട് ലിസാകുര്യനു ഇപ്പോൾ ക്ലാസില്ലേ? സ്വരം വിറച്ചിരുന്നോ എന്നു സംശയം

ക്ലാസുണ്ട് പോയില്ല മുഖത്ത് കള്ളച്ചിരി

ഉം?

രാജുവിനെ ഒന്നു കാണുവാൻ വന്നതാണ് ഈ സമയത്ത് ഇവിടെ കാണുമെന്ന് എനിക്കറിയാമായിരുന്നു

# താഴ്‌വരയിൽ ഒരു നിമിഷംകൂടെ

**സാൻസമ്മ ജോർജ്**

തണുത്തുറഞ്ഞ നനവുള്ള ഒരു സന്ധ്യയുടെ ഓർമ്മ—
ഹിമക്കാറ്റ് വീശിയടിച്ചിരുന്നു
നേരിയ ചാററൽ മഴയിൽ ത്രസിക്കുന്ന രോമപാളികൾ
പച്ചക്കരിമ്പടം പുതച്ച മൊട്ടക്കുന്നുകളുടെ ചരിവിൽ—
ഒരു നിമിഷം
അകലെ ഒത്തിരി ഉയരത്തിൽ-
മേഘത്തൊപ്പിയണിഞ്ഞ പൈൻ മരങ്ങളുടെ (?) നനുത്ത ഭംഗി
മഴ ഉറച്ചു പെയ്യുമോ?

പുൽമേടുകളിൽ ഒരു മന്ദഹാസത്തിന്റെ മധുരിമ
കാലസമുദ്രത്തിന്റെ (വീണുകിട്ടിയ) ഒരു കൊച്ചുകഷണം
അതിനെ ഏറ്റുവാങ്ങി
(അതിന്റെ കണ്ണുകളിലെ അവാച്യമായ അനുഭൂതി)
മുത്തുച്ചിപ്പിയിൽ സൂക്ഷിച്ചോളൂ

ശീതക്കാററ് പതുക്കെ വളരെപ്പതുക്കെ
പിന്നെ ചലനം നിലച്ചപോലെ—

പതുപതിനെട്ടു വർഷത്തെ നിരന്തരമായ വ്യഗ്രത സമ്പാദിച്ചുതന്ന ദുഃഖസ്മൃതികൾ തളർന്നുറങ്ങുന്ന മനസ്സ്
തൊട്ടുണർത്തിയാൽ ആ വികാരങ്ങൾ ഹിമബിന്ദുവിൽ അലിയുമോ?
നിശ്ശൂന്യതയുടെ നിശ്ശബ്ദതയുടെ അഗാധത (അഭികാമ്യതയോ?)
മൗനം ഇവിടെ ഒരു തുള്ളിയായി (?)

മനസ്സിന്റെ മലഞ്ചെരിവിൽ മാൻകുട്ടികൾ തിമിർത്തു നടന്നു
അകലെയെങ്ങോ കാളക്കുററന്മാർ മുക്രയിടുന്ന സ്വരം
ഒന്നു ഞെട്ടങ്ങിയോ?

മൂന്നാറിലെ ഉഷസ്സിനെക്കുറിച്ച്
ഈ സന്ധ്യയുടെ അനവദ്യതയെ
വഴികാട്ടിയായിവന്ന അജാനുബാഹുവായ കറുത്ത കുസുമിക്കോട്ടണിഞ്ഞ മനുഷ്യൻ

ഞാനെന്തൊക്കെയാണ് കേട്ടത്
ചുവന്ന ബയൻറിട്ട കൊച്ചു നോട്ടുബുക്കിന്റെ വെള്ളത്താളുകളിൽ
ഉറുമ്പുകാലുകളുടെ എണ്ണം കൂടുന്നു

ഇളം ചുവപ്പും ഊതയും നിറമുള്ള കൊച്ചു പൂക്കൾ
കരിമ്പാറക്കെട്ടുകളിൽ ഒരോർമ്മത്തെററുപോലെ
താഴ്‌വരയിൽ പൂത്തുനിൽക്കുന്ന പേരറിയാത്ത പൂക്കൾ
അവയുടെ സുഗന്ധം
ഇനിയും അനുഭവിച്ചിട്ടില്ലാത്ത സുഗന്ധം മൂക്കിലേയ്ക്കുരിച്ചുകയറുന്നുവോ?

അകലെ കോടമഞ്ഞിൽ നരവീണ തേയിലക്കാടുകൾക്കപ്പുറം
ഒരു ചുവപ്പു പൊട്ടുപോലെ മൂർ കോളേജ്
മഞ്ഞിന്റെ ആവരണത്തിനുള്ളിലൂടെ ആദ്യം ഉദിച്ച നക്ഷത്രത്തെ തിരയുന്ന പാവം മനസ്സ്
ഇതാ ഞാനിവിടെയാണ്

തോട്ടക്കാരന്റെ ഔദാര്യത്തിൽ പറിച്ചെടുത്ത പൂക്കളുടെ ഭംഗി
(പ്രഭാതത്തിൽ അവയുടെ വാടിയ ഇതളുകൾ കിടക്കയിലും വരാന്തയിലുമൊക്കെ ചിതറിക്കിടന്നു)
പുറത്ത് തോട്ടത്തിൽ ഡാലിയ പൂക്കൾ ചിരിച്ചു
അവയുടെ കണ്ണുകളിൽ അശ്രുബിന്ദുക്കൾ
അവയിൽ ഉദിച്ചുയർന്ന ആയിരം സൂര്യന്മാരുടെ കതിരുകൾ അതിനെ ആവാഹിച്ചെടുത്തു പതുക്കെ ഞാനിനിയും വരാം കേട്ടോ

തേയിലക്കാടുകൾക്കിടയിലൂടെ വീതികുറഞ്ഞ ചെമ്മൺ പാതയിലൂടെ അഗാധതയിൽ അങ്ങു താഴെ കൊക്കയിൽ നിന്നുയരുന്ന ദീനരോദനം ശ്രദ്ധിച്ച് അരിച്ചെത്തിയ പച്ച നിറമുള്ള വാഹനം—

ഇനിയും (?)
മുത്തുച്ചിപ്പിയിൽ സൂക്ഷിക്കാനായി തിരഞ്ഞുപിടിച്ച ആ വളപ്പൊട്ടെവിടെ

എന്നെക്കാണാനോ? എന്തിനാണ്? ദീർഘനാളായി ആഗ്രഹിച്ചിരുന്നതാണെങ്കിലും അതു കേട്ടപ്പോഠം മനസ്സിൻെറ താളം തെററി ഫാനിന് സ്പീഡ് പോരെന്ന തോന്നി

പിന്നെ പിന്നെ എന്നെ എൻെറ കൂട്ടുകാരെല്ലാം കളിയാക്കുന്നു അവഠം നഖം കടിച്ചു

എന്തിന്? ഒന്നുമറിയാത്തതുപോലെ ചോദിച്ചു

രാജുവിൻെറ പേരും പറഞ്ഞു്

ആഹാ അവിടെയുമങ്ങനെയുണ്ടോ? എൻെറ കൂട്ടുകാരോടൊക്കെ എനിക്കങ്ങനെയൊന്നുമില്ല എന്നു പറഞ്ഞു് ഇപ്പോഠം അവരുടെ ശല്യമൊന്ന് കുറഞ്ഞിരിക്കുകയാ മനുഷ്യരെ വെറുതെ നടക്കുവാൻ ഇവർ സമ്മതിക്കുകയില്ല പറയാനുദ്ദേശിച്ചതു തന്നെയാണോ പറഞ്ഞതെന്ന സംശയം

അവഠം കുനിഞ്ഞിരുന്നു ഇനി എന്താണ് പറയുക എന്നറിയാത കുഴങ്ങി

എന്നാൽ ഞാൻ പോകട്ടെ അവഠം എഴുന്നേററ് നടന്നു നീങ്ങി നിൽക്കു എന്നു പറയുവാൻ മനസ്സ് മോഹിച്ചു എങ്കിലും നാവ് ചലിച്ചില്ല

പോയിക്കഴിഞ്ഞപ്പോഴാണ് പശ്ചാത്താപം തോന്നിയതു് അവർക്ക് തന്നോട് സ്നേഹമുണ്ടായിട്ടില്ലേ തൻെറ അടുക്കൽ വന്നതു്? തനിക്കവളോട് ഒട്ടും സ്നേഹമില്ലെന്ന് അവഠം ധരിച്ചുകാണുമോ? ഛേ അങ്ങനെ പറയേണ്ടായിരുന്നു തനിക്ക് ലിസായെ ഇഷ്ടമാണെന്ന് പറയാമായിരുന്നു ശ്ശോ അതെങ്ങനെ മുഖത്തുനോക്കിപ്പറയും? ഇനി എന്തു ചെയ്യും? ജേക്കബിനോടൊന്നു ചോദിച്ചാലോ? അവൻ ഇക്കാര്യത്തിലൊക്കെ വിദഗ്ദ്ധനാണ് ഓ അതുവേണ്ട എന്നാൽ പിന്നെ അതിവിടെ മുഴവൻ പാട്ടാകും ലേഡീസ് ഹോസ്റ്റലിൽ പോയി അവളെ കണ്ടാലോ? അവർക്ക് യഥാർത്ഥത്തിൽ ഇഷ്ടമില്ലെങ്കിൽ അതു് മോശമല്ലേ പക്ഷേ അവഠംക്ക് ഇഷ്ടമില്ലാതിരിക്കുമോ? എങ്കിൽ അവഠം ഒററക്ക് തന്നെക്കാണുവാൻ വരുമോ? അന്നു ചോദിക്കേണ്ടതായിരുന്നു കനകാവസരം കളഞ്ഞു കളിച്ചതിന് സ്വയം ശപിച്ചു. ഇനിയും അവസരമുണ്ടാവാതിരിക്കില്ല പ്രതീക്ഷ താത്ക്കാലികാശ്വാസം നൽകി

ലിസയെ ഒററയ്ക്കൊന്നു കണ്ടുകിട്ടുവാൻ മനസ്സ് കൊതിച്ചു ലൈബ്രറിയിലും ക്ലാസ്റൂമിൻെറ മുൻപിലും ഓഫീസിലും എല്ലാം കണ്ണുകഠം ലിസയ്ക്കുവേണ്ടി പരതി ഒന്നുരണ്ടു വട്ടം കണ്ടെങ്കിലും കൂട്ടത്തിൽ കൂട്ടുകാരൊക്കെയുണ്ടായിരുന്നതിനാൽ പറയാൻ ധൈര്യമുണ്ടായില്ല ലേഡീസ് ഹോസ്റ്റലിൽപോയി പറയുവാനുള്ള ചങ്കുററവും ഉണ്ടായില്ല

രാവുകഠം പകലിനും ദിനങ്ങഠം ആഴ്ചകഠംക്കും ആഴ്ചകഠം മാസങ്ങഠംക്കും വഴിമാറിക്കൊടുത്തു ഫൈനൽ എക്സാം അടുത്തുകൊണ്ടിരുന്നു പരീക്ഷകളായും അസയിൻമെൻറുകളായും ജോലി വർദ്ധിച്ചു ലൈബ്രറിയിൽപോലും ഒന്നു പോകുവാൻ സമയം തീരെ കിട്ടുന്നില്ല

ഒരു സായാഹ്നത്തിൽ ഹോസ്റ്റലിൻെറ സിററൗട്ടിൽ കൂട്ടുകാരുമായി സൊറ പറഞ്ഞിരിക്കുകയായിരുന്നു

എടോ താനറിഞ്ഞില്ലേ നമ്മുടെ ജേക്കബ് ഒരു പുതിയ പ്രേമമൊക്കെ തുടങ്ങി സെബാസ്റ്റ്യൻ പറഞ്ഞു

ഓ അതത്ര പുതിയതൊന്നുമല്ല അവർ കായൽക്കരയിൽവെച്ച് സംസാരിക്കുന്നതു് ഞാൻ എത്രതവണ കണ്ടിരിക്കുന്നു ഫ്രാൻസിസ്

എടാ! അവൻ കൊള്ളാമല്ലോ എന്നിട്ടീക്കാര്യം എന്നോടിതുവരെ ഒന്നു സൂചിപ്പിക്കുകപോലും ചെയ്തില്ലല്ലോ? ആട്ടെ ആരാണ് പാർട്ടി ഞാൻ ആശ്ചര്യപൂർവ്വം തിരക്കി

ഓ താനറിയില്ല പുസ്തകം വായിച്ചാൽ ഇതൊന്നും അറിയില്ല തൻെറ നാട്ടുകാരിയില്ലേ ഹിസ്റ്ററിയിലെ ഒരു ലിസാകുര്യൻ അവഠം തന്നെ ഇവഠം പ്രസന്നൻ കളിയാക്കി

സ്തംഭിച്ചിരുന്നുപോയി കാതുകളെ വിശ്വസിക്കുവാൻ സാധിച്ചില്ല എങ്കിലും തൻെറ മുഖഭാവം മററുള്ളവർ ശ്രദ്ധിക്കാതിരിക്കുവാൻ പാടുപെട്ടു ഒരു തരത്തിൽ അവിടെനിന്നും രക്ഷപ്പെട്ടു റൂമിൽ കയറി കതകടച്ചു

വിഡ്ഢി മനസ്സ് മന്ത്രിച്ചു അവസരങ്ങഠം ഉപയോഗിക്കാനറിയാത്ത വിഡ്ഢി! ഹോ ഇങ്ങനെവരുമെന്ന് സ്വപ്നേപി വിചാരിച്ചില്ല എന്നാലും ജേക്കബ് ഇങ്ങനെ ചെയ്യുകയുണ്ടല്ലോ എന്തിനവനെ കുററം പറയുന്നു? തനിക്കവളെ ഇഷ്ടമാണെന്ന് ഇതുവരെ ആരോടും പറഞ്ഞില്ലല്ലോ അവൻ മിടുക്കനാണ് ഇതുവരെ ആരോടും പറഞ്ഞില്ലല്ലോ അവൻ മിടുക്കനാണ് കാര്യം കാണാൻ കഴിയുന്നവൻ

അല്ലെങ്കിലും ഇതിൽ കാര്യമൊന്നുമില്ല ഇതൊക്കെ യുവത്വത്തിലെ ഓരോ ചാപല്യങ്ങളാണ് താൻ പഠിക്കുവാനാണ് വന്നതു് പ്രേമിക്കുവാനല്ല മനസ്സിനെ സമാശ്വസിപ്പിക്കുവാൻ ശ്രമിക്കുമ്പോഴും ഏതോ ഒരു കോണിൽ ഇച്ഛാഭംഗം തോന്നിയില്ലേ

ജേക്കബ് ലിസാ നിങ്ങഠംക്ക് എൻെറ എല്ലാവിധ ആശംസകളും അനുമോദനങ്ങളും മനസ്സു മന്ത്രിച്ചു

**"നിങ്ങൾ ആർക്കെങ്കിലും ഉപകാരം ചെയ്തുവെങ്കിൽ അതു മറക്കുക കിട്ടിയിട്ടുള്ള ഉപകാരങ്ങൾ മറക്കാതിരിക്കുക"**

**ചിലോൺ**

Gram LABEQUIP Phone 61578

For all your requirements of Scientific Equipments, Laboratory Chemicals and Laboratory Glasswares

*Please Contact*

# The Central Scientific Supplies Company Ltd.,

Masjid Building, P B. No. 124
PALAYAM, TRIVANDRUM-695 001

Authorised Stockists and Distributors for

M/s BDH, E MERCK, SARABHAI 'M'
CHEMICALS, REECHEM H P C AND
PUREX ACIDS AND BOROSIL CORNING GLASSWARES

Registered Office MADRAS 600 001

Other Branches

TAMBARAM BANGALORE COIMBATORE HYDERABAD AND MADURAI

---

# TECHNO

## Activated Fish Oil Rosin Soap

Popular for 50 years

## Techno Chemical Industries Limited

OYITTY ROAD,
KOZHIKODE-1

---

## The Trivandrum Ex-Servicemen's Automobile Engineering & Transport Industrial Co-operative Society Ltd. No. S. Ind. (T) 256

Power House Road, CHENTHITTA, TRIVANDRUM

*We Undertake*

ENGINE OVERHAULING
NOZZLE TESTING
SMITHY WORKS
AUTOMOBILE ELE WORKS
LATHE WORKS

BODY BUILDING
UPHOLSTRY WORKS
SPRAY PAINTING
TRANSPORTATION

# വേരുകൾ നഷ്ടപ്പെടുന്ന ആധുനിക മനുഷ്യൻ

ജോസ് ജോസഫ്

സംഘട്ടനാത്മകമായ കാലഘട്ടത്തിന്റെ നാൽക്കവലകളിലെ സങ്കീർണ്ണമായ തിരിവുകളിൽ യാന്ത്രിക സംസ്കാരത്തിന്റെ അപ്രതിഹതമായ അന്യവൽക്കരണമെന്ന വിനസ്സ് അടിമയായിത്തീർന്ന ആധുനിക മനുഷ്യൻ സ്വന്തം വേരുകൾ നഷ്ടപ്പെട്ട് ശൂന്യതയുടെ പാതകൾ തേടുന്ന ദുരന്തചിത്രമാണ് ആധുനിക ദാർശനികന്റെ മുമ്പിലുള്ളത് പരിമിതം മാത്രമായ യുക്തിവിചാരം കൊണ്ടോ കേവല ഈശ്വരാന്വേഷണം കൊണ്ടോ സത്യത്തിന്റെ ആകാശത്തോളമുയരുന്ന കല്പടവുകൾ ചവുട്ടിക്കയറി സ്വന്തം അസ്തിത്വത്തെ താങ്ങി നിറുത്തുന്ന ഒരു കേവല സത്തയെയും കണ്ടെത്താനാവുകയില്ലെന്ന വേദനാജനകമായ വസ്തുത ശാസ്ത്രപുരോഗതിയിൽ പാടെ വിമാനവീകരിക്കപ്പെട്ട പുതിയ ലോകത്തിന്റെ ഏകാന്ത വിഷാദപ്പുരകളിലിരുന്നുകൊണ്ട് ഉറക്കെപ്പാടുകയാണ് ഇന്നത്തെ തത്വചിന്തകൻ ഭാവിയെക്കുറിച്ചുള്ള സുന്ദര പ്രതീക്ഷകൾ നഷ്ടപ്പെട്ട് മുഖംമൂടിയും വിശ്വാസവഞ്ചനയുമായി അന്യതാബോധത്തിന്റെ മൃത്യുതുല്യം ഭയാനകമായ നരകത്തിലേക്ക് കാൽ വഴുതിവീണ മനുഷ്യന് സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുന്നതിന്റെ പ്രത്യാഘാതങ്ങളാണ് ചുററിലും കാണാനുള്ളത്

## ദൈവത്തിന്റെ മരണം ഒരു തുടക്കം

ദൈവമെന്ന അദൃശ്യനിയന്താവിന്റെ അനിർവ്വാര്യമായിത്തീർന്നിരുന്ന മരണം ലോക ദാർശനികരംഗത്ത് ആധുനിക രൂപം നൽകി സമ്യക്കായി അവതരിപ്പിച്ചത് കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഫ്രെഡറിക് നീട്ഷേ എന്ന ജർമൻ തത്വചിന്തകനാണ് അനാഥനായ ഏകനായ മനുഷ്യൻ ജീവിക്കേണ്ടത് തനിക്ക് സ്വന്തമായ തനിക്കു താങ്ങായ ഭൂമിക്കുവേണ്ടിയാണ് അത്യുന്നതങ്ങളുടെ അജ്ഞേയതയിൽ മനുഷ്യ ഭാഗധേയ വിധാതാവായി ജീവിച്ചിരിക്കുന്നുവെന്ന് പറയപ്പെടുന്ന ഒരു ദൈവത്തിനുവേണ്ടിയല്ല നീട്ഷെ ദൈവാസ്തിക്യ നിഷേധത്തിൽ നിന്നുരുത്തിരിയുന്ന മൂല്യബോധത്തിലടിയുറച്ച ഒരു പുതിയ മനുഷ്യനെ—അതിമാനുഷ്യനെ (superman) വിഭാവനം ചെയ്തു നാളത്തെ ഭൂമി തീർച്ചയായും ഒരതിമാനുഷനുവേണ്ടിയുള്ളതാണ്

നീട്ഷേ ആരംഭിച്ച ആധുനിക ദൈവനിഷേധതത്വശാസ്ത്രം സാർത്രിലെത്തുമ്പോൾ പൂർണ്ണമാക്കപ്പെടുകയാണ് ദൈവാസ്തിക്യ നിർണ്ണയത്തിന്റെ ബഹുമുഖ പ്രശ്നങ്ങളിലേക്ക് കടക്കാതെ ഉണ്ടാകാൻ പാടില്ലാത്ത ദൈവമെന്ന സാങ്കല്പിക സത്ത ഇല്ലായെന്ന പൂർവ്വകല്പനയിലടിയുറച്ചുവിശ്വസിക്കുകയാണ് സാർത്ര് ദൈവത്തിന്റെ മരണം ഒരു തുടക്കമായിരുന്നു മൂല്യബോധത്തിന്റെ അടിത്തറ തകർത്ത സംഭവങ്ങൾ ഇവിടുന്നാരംഭിക്കുന്നു

## തകരുന്ന മൂല്യങ്ങൾ–വഴിമാറുന്ന വിശ്വാസങ്ങൾ

തന്റെ നിരവധി പ്രബന്ധങ്ങളിലൂടെ കാലഘട്ടത്തിലെ ഏററവും തലയെടുപ്പുള്ള എക്സിസ്റ്റൻഷ്യലിസ്ററ് തത്വചിന്തകനായ സാർത്ര് മനുഷ്യാസ്തിത്വത്തിന്റെ ദുരൂഹതയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്നു അതുല്യമായ പ്രതിഭാ പ്രകടനത്തിലൂടെ അതിനെ അപഗ്രഥിക്കുന്നു ഉള്ളിലേക്കു ചെല്ലുന്തോറും സങ്കീർണ്ണവും ശൂന്യോന്മുഖവുമായിത്തീരുന്ന പഠനങ്ങളിലൂടെ സാർത്ര് തെളിയിക്കുകയാണ് സത്ത എന്നൊന്നില്ല ദൈവവുമില്ല ഉള്ളത് സൃഷ്ടിക്കുമുമ്പുള്ള ശൂന്യതയേക്കാൾ ഭീകരമായ അവ്യവസ്ഥമായ അഭാവമാണ്

ഭൂതത്തെയും ഭാവിയെയുംപററി ചില അനുമാനങ്ങളാകാം ആകെയുള്ള അറിവ് സ്ഥലകാലബന്ധനസ്ഥമായ വർത്തമാനത്തിന്റെ ആവർത്തനപരമായ അർത്ഥശൂന്യതയിൽ വേരൂന്നിയ അസ്തിത്വവും അതിനെ ഞെരുക്കുന്ന അതിഭീകരമായ അഭാവവും മാത്രമാണ് ഇതിൽ നിന്നെന്താണൊരു മോചനമാർഗ്ഗം? സംഘർഷാത്മകമായ ഈ ശൂന്യതാബോധത്തിൽ നിന്നും രക്ഷനേടാൻ നിരർത്ഥകമായ ജീവിതത്തിൽ സാഹചര്യാനുസൃതമായ ചില ലക്ഷ്യങ്ങളൊക്കെ ആരോപിച്ച് അവയെ സാർത്ഥകമാക്കി തനിക്കും സമൂഹത്തിനും വേണ്ടി നിരന്തരമായ സ്വയം സൃഷ്ടി നടത്തുക ഇവിടെ തിരഞ്ഞെടുപ്പും തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യവും അതീവ പ്രാധാന്യമർഹിക്കുന്നു നാം എന്തു തിരഞ്ഞെടുക്കുന്നുവെന്നത് നിർണ്ണായകമായിരിക്കുന്നു ഒന്നും തിരഞ്ഞെടുക്കാതിരിക്കുക എന്നതുപോലും ഒരു വിധത്തിലുള്ള തിരഞ്ഞെടുപ്പാണ് സ്വാതന്ത്ര്യം ഇടിത്തീപോൽ നമ്മുടെമേൽ നിപതിച്ചിരിക്കുന്നു സ്വാതന്ത്ര്യമെന്നാൽ ദൈവമല്ല ശാശ്വതമൂല്യമല്ല സത്യമല്ല സ്നേഹമല്ല സ്വാതന്ത്ര്യം നിരന്തരമായ തിരയലാണ് ചലനമാണ് അന്വേഷണമാണ് ദത്തമായതല്ല സ്വാതന്ത്ര്യം അതു നിരന്തരം സൃഷ്ടിക്കപ്പെടുന്നതാണ് വ്യക്തി അനുനിമിഷം സ്വന്തം അസ്തിത്വത്തെ വേരോടെ പറിച്ചെടുക്കുന്നു സർവ്വബന്ധനങ്ങളിൽ നിന്നും മുക്തനാകുന്നു ഓരോ നിമിഷവും വ്യക്തി അന്യവൽകൃതനാകുന്നു ഓരാ നിമിഷവും മോചനം തേടുന്നു

അത്യധികം ബദ്ധപ്പെട്ട് നേടുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി സർവ്വവും ത്യജിക്കാൻ സന്നദ്ധനാകുന്ന മനുഷ്യന് സ്വാതന്ത്ര്യത്തെ വിലങ്ങുവെയ്ക്കുന്ന മൂല്യങ്ങളെ ആശ്ലേഷിയ്ക്കേണ്ട ആവശ്യമേയില്ല പാശ്ചാത്യരാജ്യങ്ങളിലും തുടർന്ന് ചില പൗരസ്ത്യരാജ്യങ്ങളിലും മൂല്യബോധത്തിന്റെ അടിത്തറ ഇളകിക്കഴിഞ്ഞിരിക്കുന്നു കുടുംബബന്ധങ്ങളുടെ പവിത്രത കെട്ടുക

ഥയായിക്കഴിഞ്ഞിരിക്കുന്ന മാനുഷികബന്ധങ്ങൾ കഥകളിലെ വിശുദ്ധഭാവനയായി അവശേഷിച്ചുകൊണ്ടിരിക്കുന്ന എങ്ങും വിശ്വാസത്തകർച്ചയാണ്! മുഖംമൂടികളുടെ സർവ്വസംഹാര നൃത്തമാണ്!

## സാഹിത്യം–ആധുനിക പ്രവണതകൾ

സാമുവൽ ബെക്കററ് കാഫ്‌കാ കാമു സാർത്ര് തുടങ്ങിയ ദാർശനിക സാഹിത്യകാരന്മാർ സാഹിത്യരചനയിലൂടെ മനുഷ്യ ഭാഗധേയത്തിന് പുതിയൊരു മുഖവുര കുറിച്ചു യുദ്ധക്കെടുതികൾകൊണ്ട് നിരന്തരം തകർന്നുകൊണ്ടിരിക്കുന്ന പരസ്പരവിശ്വാസം നഷ്ടപ്പെട്ട മാനുഷികമൂല്യങ്ങളും വൈയക്തിക ബന്ധങ്ങളും ശിഥിലീഭവിച്ച അന്ധകാരാവൃതമായ പരസ്പരം മത്സരിക്കുന്നവരുടെ പുതിയ ലോകത്തിൽ പ്രതീക്ഷകൾക്ക് സ്ഥാനമില്ലെന്നവർ കണ്ടു ജനനവും മരണവും അവയ്ക്കിടയിലെ സ്വാർത്ഥപൂർണ്ണമായ വിരസമായ ജീവിതമെന്ന ഞാണിന്മേൽകളിയും എത്രമേൽ നിസ്സാരമാണ്! ജീവിതം നിഷ്ഫലമായ വികാരമാണ് വിഡ്ഢി പറഞ്ഞ കഥയാണ് വ്യക്തി അനാഥനാണ് എന്റെ അസ്തിത്വത്തിൽ നിന്നും വിഭിന്നമായ മറെറാരസ്തിത്വം പുലർത്തുന്ന അന്യനോട് എനിക്കുതോന്നാവുന്ന ഏററവും മൗലികവും ആത്മാർത്ഥവുമായ വികാരം നിരാകരണത്തിന്റേതായ ദ്വേഷമല്ലാതെ മറെറന്താണ്? നില നിൽപിന്റെ മത്സരത്തിനിടയിൽ എന്നെ തുറിച്ചുനോക്കുന്ന അന്യൻ എന്റെ ശത്രുവാണ് അന്യൻ നരകമാണ് ജീവിതം നിരർത്ഥകമാണ് പ്രതീക്ഷിക്കാനൊന്നും തന്നെയില്ല ഭീതി വിശ്വാസവഞ്ചന ഉത്കണ്ഠ നിരാശ ഏഷണി വഞ്ചനയുടെ വന്ധ്യഭാവങ്ങൾ കാമാസക്തി ശത്രുത ഇവയുടെയെല്ലാം നീരാളിപ്പിടുത്തത്തിലമർന്ന് തകർന്ന് തരിപ്പണമാവുകയാണ് മനുഷ്യമനസ്സ് പരകോടി നക്ഷത്രവ്യൂഹങ്ങൾ വിദൂരതകളിലേക്ക് അടുത്തും അകന്നും പരസ്പരം മത്സരിച്ച് ഓടി അകലുന്ന വിശാലമായ ഈ ബ്രഹ്മാണ്ഡ പ്രപഞ്ചത്തിലെ ഒരു ധൂളികണം പോലുമല്ലാത്ത ഈ കൊച്ചുഭൂമിയിൽ ഞാനെന്ന അവബോധത്തിന്റെ അസ്തിത്വം എത്രതന്നെ നിസ്സാരമാണ്! ഭ്രമാത്മകമാണ്! നിയമത്തിനോ മതത്തിനോ അവയുടെ മൂല്യങ്ങൾക്കോ വിശ്വാസത്തിനോ മനുഷ്യനെ രക്ഷിക്കുക അസാദ്ധ്യം സാഡിസ്ററുകളുടെയും അവരുടെ ചെരുപ്പു നക്കികളുടെയും ആധുനിക ദുർഭരണസമ്പ്രദായങ്ങളുടെ കാൽക്കീഴിൽ കിടന്ന് ഞെരിഞ്ഞു തകരുകയാണ് ഇന്ന് മനുഷ്യൻ വാക്കുകൾക്കവയുടെ നിയതാർത്ഥം നഷ്ടപ്പെട്ടിരിക്കുന്നു ഭാഷയുടെ മാന്ത്രികത്താക്കോൽ കൈമോശം വന്നിരിക്കുന്നു ക്ഷണികവും നിരർത്ഥകവുമായ ജീവിതത്തിന്റെ വിധിയാളനായി മൃത്യുവെന്ന ഭീതി എന്നും പിന്തുടരുന്നു നന്മതിന്മകൾ തമ്മിലോ വ്യഭിചാരവും പാതിവ്രത്യവും തമ്മിലോ സത്യവും അസത്യവും തമ്മിലോ വലിയ വ്യത്യാസങ്ങൾ കാണുക പ്രയാസം

ഈ പീഡാനുഭവങ്ങൾക്കിടയിൽ ആകെയുള്ള അറിവ് കഴിവുകെട്ട നമ്മിൽനിന്നെന്തൊക്കെയോ മറച്ചുവെക്കപ്പെട്ടിരിക്കുന്നുവെന്ന മരവിപ്പിക്കുന്ന സത്യമാണ് സ്വപ്നതുല്യമായ ഭൂമി ഋതുക്കൾ മാറുന്ന വേനലും വർഷവും മാറുന്ന ക്ഷണികമായ ജീവിതം സ്വന്തം തടങ്കറകളിലേക്ക് അടിമത്തത്തിന്റെ ചിമിഴുകളിലേക്ക് മറെറല്ലാ ആശ്രയങ്ങളും നഷ്ടപ്പെട്ട് ഓടിഒളിക്കുന്ന മനുഷ്യൻ ജീവിതം വിഡ്ഢിത്തമാണ് അതിനർത്ഥമുണ്ടാക്കുക അതിലേറെ വിഡ്ഢിത്തവും ജീവിതമെന്നത് ബോറാണ് പിന്നെ, എന്തിനു ജീവിക്കുന്നു? ക്ഷണികമായ ഭൗതിക ലക്ഷ്യപ്രാപ്തികൾക്കുശേഷം സമ്മാനം മൃത്യുവല്ലേ? എന്തിനു മരിക്കുന്നു? പ്രതീക്ഷകളെന്നെങ്കിലും പൂർണ്ണതയിലേക്കെത്തുമോ?

## മുഖമില്ലാത്തവരുടെ മുഖംമൂടികൾ

ഹിമപാളികളിലടിഞ്ഞുകൂടിയിരിക്കുന്ന അതിശൈത്യം പോലെ നമ്മിലന്തർലീനമായിരിക്കുന്ന ദുഃഖം നമ്മെ എന്നും ഉലയ്ക്കുന്ന നമ്മുടെ ദൗർബ്ബല്യങ്ങൾ അഹങ്കാരങ്ങൾ തന്നിഷ്ടങ്ങൾ ഇവയെല്ലാം നമ്മെ നിരന്തരം വേട്ടയാടുന്നു തന്നിൽ നിന്നുതന്നെയുള്ള അപയാനം—മുഖംമൂടിയണിയലാണ് കണ്ടെത്തപ്പെടുന്ന ഏററവും ലളിതമായ പരിഹാരം ബർഡിയായെഫ് എന്ന തത്വചിന്തകൻ ഉദാഹരിക്കുന്നു ഞാൻ പരിഖിന്നനാണ് അവശനാണ് ഗർവ്വിതനാണ് എന്നിട്ടും എനിക്കൊട്ടും താല്പര്യമില്ലാത്ത നിങ്ങളെക്കാണുമ്പോൾ സ്വന്തം ഉള്ളിലിരുപ്പ്— നിങ്ങളോടുള്ള ദ്വേഷം—മറച്ചുവെച്ചുകൊണ്ട് ഞാൻ പുഞ്ചിരിക്കുന്നു പോയി തുലയട്ടെ എന്നുള്ളിൽ കരുതി നിങ്ങളും പ്രത്യഭിവാദനപൂർവ്വം പുഞ്ചിരിക്കുന്നു ഇല്ലെങ്കിൽ മോശമെന്നു കരുതിയാലോ? അന്യോന്യം കേമനാകാനുള്ള ശ്രമം എന്നാൽ എന്റെ ഏററവും വലിയ ഞെട്ടലിനു കാരണമായിക്കൊണ്ട് ഞാനറിയുകയാണ്—ഈ കാലഘട്ടത്തിലിത്തരം വിദ്യകൾ വളരെ വിദഗ്ദ്ധമായിത്തന്നെ എല്ലാവരും ശീലിച്ചിരിക്കുന്നു

## യന്ത്രവൽകൃത സംസ്കാരം–ഒരാമുഖം

കച്ചവടബന്ധങ്ങൾക്ക് മറെറന്തിനേക്കാളുമധികം മുൻതൂക്കം നൽകുന്ന യാന്ത്രിക സംസ്കാരം മാനുഷികബന്ധങ്ങൾക്കും മനുഷ്യമനസ്സിന്റെ മൃദുലവികാരങ്ങൾക്കും ഇടിവുവരുത്തിയിരിക്കുന്നു യാത്രയിൽ ജീവിതത്തിന്റെ നല്ലൊരു ഭാഗം കഴിച്ചുകൂട്ടേണ്ടിവരുന്ന ആധുനിക പരിഷ്കൃത ജീവിതരീതിയിൽ മനുഷ്യന് വേരുകൾ നഷ്ടപ്പെടുന്നു താങ്ങായി തണലായി ഒരിടവും കണ്ടെത്താനാവുന്നില്ല നിരന്തരാന്വേഷണത്തിലാണവൻ യാന്ത്രിക പുരോഗതി വിമോഹിപ്പിക്കുകയാണ് പുതിയ വസ്തുക്കളുടെ പിമ്പേ പരക്കംപാച്ചിലിലാണ് എത്ര കിട്ടിയാലും സംതൃപ്തിവരുന്നില്ല ദുരാഗ്രഹത്തിന്റെ അടിമയായി ലക്ഷ്യമില്ലാതെയുള്ള ഈ ഓട്ടം എങ്ങോട്ടേക്കാണ്? ലോകജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന അവികസിത രാജ്യങ്ങളിലെ ദരിദ്രകോടികൾ പരമദാരിദ്ര്യത്താൽ നരകിച്ച് പെററുപെരുകി വലയുകയാണ് അന്യവിചാരം തെല്ലുമില്ലാതെ മറെറല്ലാം സൗകര്യപൂർവ്വം വിസ്മരിച്ചുകൊണ്ട് പിടിച്ചുപറിയാണ് സമ്പന്നവർഗ്ഗം

സാമ്പത്തികപ്രവർത്തനത്തിലെ ഒരു കരുമാത്രമായി മനുഷ്യനെ കണക്കാക്കി ഫാക്ടറികളിലെയോ വയലുകളിലെയോ ഉല്പാദനപ്രക്രിയയും കഠോരമായ ആദർശപ്രസംഗങ്ങളുമല്ലാതെ മറെറാന്നുമല്ല സത്യമെന്നു വീമ്പിളക്കുന്ന ഒരു വ്യവസ്ഥിതിക്കും മനുഷ്യനെ ഇന്നത്തെ പരിതാപകരമായ അവസ്ഥയിൽ നിന്നും രക്ഷിക്കുക സാദ്ധ്യമല്ല നിർത്തലില്ലാത്ത വർഗ്ഗസംഘട്ടനങ്ങളും സാമ്രാജ്യ വികസന ശ്രമത്തിന്റെ ഫലമായ ആയുധ കച്ചവട മത്സരങ്ങളും സൈനിക സഖ്യങ്ങളും മറെറന്തിനെക്കാളുമുപരിയായി ജീവനെ കുത്തുന്ന പേടിസ്വപ്നങ്ങളാണിന്ന് കമ്മ്യൂണിസംപോലുള്ള അന്താരാഷ്ട്ര പ്രസ്ഥാനങ്ങൾപോലും രാജ്യങ്ങൾ തമ്മിലുള്ള അതിർത്തി

ത്തർക്കത്തിന്റെ പേരിൽ തലക്കല്ലിക്കീറുന്ന പുതിയ സാഹചര്യത്തിൽ സമാധാന സംഭാഷണങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു

വിമാനുഷീകരണവും വസ്തുവൽക്കരണവും ശാസ്ത്രസാങ്കേതിക പുരോഗതിയിലടിയുറച്ച പുതിയ സംസ്ക്കാരത്തിന്റെ ഏററവും വലിയ പ്രശ്നങ്ങളായി ദാർശനികൻ കണക്കാക്കുന്നു പണ്ട് മനുഷ്യന് വ്യക്തിയെന്ന നിലയിൽ സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം ആധുനികഭരണ സംവിധാനങ്ങളുടെ ദൃഷ്ടിയിൽ നഷ്ടീഭവിച്ചിരിക്കുന്നു മനുഷ്യൻ ചില പ്രക്രിയകളിൽ കേവല ഭാഗഭാഗിത്വം വഹിക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്ന ഒരു വസ്തുമാത്രമായി മാറിയിരിക്കുന്നു മനുഷ്യനെ ഒരു വസ്തുവാക്കി പെരുപ്പിച്ചെടുത്ത് ട്രക്കുകളിലും മററും കയററി മൈതാനത്തിലിറക്കി ജനലക്ഷങ്ങളുടെ ആവേശോജ്ജ്വല പ്രകടനം എന്നു വീമ്പിളക്കുന്ന ആധുനിക രാഷ്ട്രീയപ്രവർത്തനം ഇതിന്റെ ചെറിയൊരുദാഹരണം മാത്രമാണ്

വസ്തുവൽക്കരണം വിമാനുഷീകരണത്തിന്റെ പ്രഥമ പടിയാണ് ശാസ്ത്രത്തിനും സാങ്കേതികതയ്ക്കും പ്രാമുഖ്യം നൽകുന്ന ഒരു സംസ്കാരത്തിന്റെ മുഖമുദ്രയുമാണ് ഒരു വസ്തുത നമ്മുടെ അവബോധത്തിന് വിഷയീഭവിക്കുക പല രീതിയിലാവാം ഉദാഹരണത്തിന് എന്റെ മുറിയുടെ കിഴക്കുവശത്തെ ജനാല—എന്നെ സംബന്ധിച്ചിടത്തോളം അതു പലതുമാണ് ജനാല കളിർകാററിനു പ്രവേശനം ഒരുക്കുന്നു വിഭാത രശ്മികളെ കടത്തിവിട്ട് എനിക്ക് ആശ്വാസവും ഉണർവ്വും നൽകുന്നു മഞ്ഞുമൂടിയ പുറംതാഴ്വരകളിലെ നയനാഭിരാമ ദൃശ്യങ്ങളെ എനിക്കു കാട്ടിത്തരുന്നു ആ ജനാലയുടെ പ്രത്യേക വ്യക്തിത്വം എന്റെ അസ്തിത്വത്തിന്റെ വിഭിന്നാത്മകമായ ഏതൊക്കെയോ വശങ്ങളുമായി ഹൃദയപൂർണ്ണമായ ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്നാൽ ഒരു ശാസ്ത്രജ്ഞന്റെ ദൃഷ്ടിയിലെത്തുമ്പോഴാകട്ടെ അയാൾ ഇപ്രകാരമുള്ള എല്ലാവിധ പരിഗണനകൾക്കും അതീതമായി ജനാലയെ ഒരു കേവല നിരീക്ഷണ വസ്തുവാക്കി മാററുകയും തന്നെത്തന്നെയും അതിനു പരിപാകമായ രീതിയിൽ വികാരമില്ലാത്ത ഒരു നിരീക്ഷണ യന്ത്രമാക്കി അധഃപ്പതിപ്പിക്കുകയും ചെയ്യുന്നു അയാളെ സംബന്ധിച്ചിടത്തോളം ജനാല തറയിൽ നിന്നും മൂന്നടി ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്ന ഏഴടി ഉയരവും നാലടി വീതിയും ആറഴികളുമുള്ള ഇരുമ്പുകൊണ്ടും തടികൊണ്ടും നിർമ്മിതമായ ഒരു ഘടനമാത്രമായി രൂപാന്തരപ്പെടുന്നു മേൽ വിവരിച്ച രണ്ടു വീക്ഷണങ്ങളിലെയും മൗലികമായ അന്തരം ശ്രദ്ധിക്കുക നമ്മുടെ കാലഘട്ടത്തിൽ ശാസ്ത്രജ്ഞന്റെ വീക്ഷണം മാത്രമെ സത്യമാവുകയുള്ളുവെന്നും അറിവിന്റെ മറെറല്ലാ വാദമുഖങ്ങളും ബാലിശമാണെന്ന തെററിദ്ധാരണ ജനസാമാന്യത്തിന്റെ ഇടയിൽ പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു ഇപ്രകാരം ഒരു യാന്ത്രിക നിരീക്ഷണ പ്രവണത പരക്കുന്നതോടെ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾക്കും അടിസ്ഥാനപരമായ മാററം വരുന്നു

## കാലം—ഒരു പ്രഹേളിക

സ്ഥലകാല ബന്ധനസ്ഥനായ മനുഷ്യന് കാലം എന്നും ഉത്തരം കിട്ടാത്ത ഒരു പ്രഹേളികയാണ് കോടാനുകോടി വർഷങ്ങളിലൂടെ അനുസ്യൂതം നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഏതോ ഒരു പ്രക്രിയയെ നിരന്തരമായി അവനെ ഓർമ്മപ്പെടുത്തുന്ന കാലം മനുഷ്യാസ്തിത്വത്തെ വലയം ചെയ്യുന്ന ശൂന്യതയെ ഏററവും അധികമായി അനാവരണം ചെയ്യുന്നതും അതോടൊപ്പം നിഗൂഢതയുടെ നീർച്ചുഴികളിലേക്ക് താഴ്ത്തുന്നതും കാലം എന്ന പ്രഹേളികതന്നെ കാലികമാണ് മനുഷ്യാസ്തിത്വം അതു് വർത്തമാനത്തിന്റെ ചുമടുവണ്ടികളും വലിച്ച് ആവർത്തനവിരസതയുടെ ചാക്രിക പരിണാമങ്ങളിലൂടെ മുമ്പോട്ടുപോകുന്നു ഭൂതവും ഭാവിയും ഇതിന്റെ മുമ്പിൽ കേവലശൂന്യതമാത്രമാണ് ഭൂതത്തെക്കുറിച്ച് മനസ്സിന്റെ മായികമേഖലകളിൽ അനുരണനങ്ങളുണർത്തുന്ന ചില സ്മരണകളും ചരിത്രത്തിന്റെ വിശ്വസനീയതയിലൂന്നിയ ചില അനുമാനങ്ങളുമാകാം ഭാവിയെക്കുറിച്ച് ചില അനുമാനങ്ങൾ മാത്രവുമാകാം കാലബന്ധിതമായ മനുഷ്യജീവിതം മൃത്യുചിന്തയാലെന്നും പീഡിപ്പിക്കപ്പെടുന്നു കാലം ചലനാത്മകമാണ് അല്ലെങ്കിൽ സെന്റ് അഗസ്ററിൻ സൂചിപ്പിക്കുന്നതുപോലെ ഭൂതവും ഭാവിയും ഉണ്ടാകില്ലല്ലോ? ചരിത്രത്തിന്റെ ഏടുകളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ കാലമെന്ന അദൃശ്യനായ ദുരന്തകർത്താവിന്റെമേൽ കർത്തൃത്വം സ്ഥാപിക്കാനുള്ള മനുഷ്യശ്രമം വെറും പരാജയം മാത്രമായി കലാശിക്കുന്നതു കാണാം കാലം മനുഷ്യാവബോധത്തിന്റെ ഏററവും വലിയ പീഡാനുഭവമാണ് അസ്തിത്വത്തിന്റെ ദുഃഖമാണ് ശൂന്യതയുടെ രാക്ഷസോപമമായ ഭീകരതയെപ്പററി നമ്മെ എന്നും ഓർമ്മിപ്പിക്കുന്നു കാലം

നമ്മെ വലയംചെയ്യുന്ന ശൂന്യതയുടെ മേഖലകൾ വ്യാപിക്കുകയാണ് മാനവചരിത്രത്തിന്റെ അപൂർവ്വമായ ഈ ദിശാസന്ധിയിൽ പരിണാമത്തിന്റെ നിർണ്ണായകമായ ഈ ഘട്ടത്തിൽ തന്റെതന്നെ നിയന്ത്രണം മനുഷ്യന് പൂർണ്ണമായും നഷ്ടമായിക്കൊണ്ടിരിക്കുകയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു പരസ്പരവിശ്വാസം നഷ്ടപ്പെട്ട് സാഹോദര്യമെന്ന മാന്ത്രികച്ചെപ്പ് കൈമോശം വന്ന് ആത്മവഞ്ചനയുടെ ഗാഥകളും രചിച്ചുകൊണ്ട് തകരുന്ന മൂല്യങ്ങളുടെ ശവപ്പറമ്പിലൂടെ സ്വന്തം ജീവിതമെന്ന ശാപത്തെയും പഴിച്ചുകൊണ്ടുള്ള ഈ വിരണ്ടോട്ടം എങ്ങോട്ടാണ്? ശൂന്യതാബോധത്തിൽ നിന്നും നിരാശയിൽ നിന്നും നമ്മെ കരകയറേറണ്ട പുതിയൊരു ദാർശനിക ചക്രവാളം ഇനിയും വളർന്നു വികസിക്കേണ്ടിയിരിക്കുന്നു ശൂന്യതയിൽ നിന്നും നിരർത്ഥകതയിലേക്കും അവിടെനിന്ന് മററില്ലായ്മാവാദങ്ങളിലേക്കും വഴുതിമാറിക്കൊണ്ടിരിക്കുന്ന ആധുനിക ദാർശനിക ചിന്തയ്ക്ക് പുതിയൊരു മാനം ഇനിയും കൈവരേണ്ടിയിരിക്കുന്നു സർവ്വകാല പ്രതിഭകളുടെയും നടുനായകത്വമവകാശപ്പെടാവുന്ന പുതിയൊരു ചിന്താവിപ്ലവത്തിനു മാത്രമെ ജീർണ്ണാവശിഷ്ടമായിക്കൊണ്ടിരിക്കുന്ന സംസ്ക്കാരത്തിന്റെ ഇന്നത്തെ ദുർഗതിക്കു മാററം വരുത്താനാവൂ ഇന്നത്തെ അവസ്ഥയിൽ അത്തരമൊരു വിപ്ലവത്തിന്റെ സാദ്ധ്യതകൾ തികച്ചും ദുർല്ലഭവുമാണ്

□

# പ്രഭാതഗീതം

## പി. വിജയകുമാർ

പ്രഭാതമേ!
വിടരൂ പ്രഭാപൂരമഞ്ചമേ
ചെഞ്ചുണ്ടു വിടർത്തിച്ചിരിക്കും വിഭാതമേ
ഗായികേ വർണ്ണപ്രപഞ്ചമേ താളമേ
ഉണരട്ടെ പാരം ജ്വലിക്കട്ടെ ലോകം
പ്രഭാമകരിയിൽ തുടിക്കട്ടെ ലോകം
തുടങ്ങട്ടെ വേറെ ദിനചര്യ വീണ്ടും

വിളർത്ത മുഖവുമായ് വിങ്ങുന്ന വിണ്ണിൽ
ത്തീളങ്ങുന്ന മിത്രൻ വിയത്തിന്റെ മന്നൻ
ശ്യാമ നിശീഥത്തിന്നവ്യക്തപാതയെ
പാലാഴി സൃഷ്ടിച്ചുടക്കുന്ന ദിവ്യൻ
നിറയ്ക്കുന്നു മണ്ണിലാ വിണ്ണിന്റെ നാളം
സുവർണ്ണ മയൂഖ മരാള മഞ്ജരി
വിടരുന്നു പത്മാകരത്തിൻ പവിത്രം
ഗഗനത്തെ നോക്കിച്ചിരിക്കുന്ന സൂനം
തളിർക്കുന്നു പൂക്കുന്നു സസ്യപ്രപഞ്ചം
പ്രഭാകര ചുംബന പ്രീതിയാൽ നിത്യം

ഉറങ്ങുന്നു മർത്ത്യൻ തമസ്സിന്റെ പുത്രൻ
വശ്യമാമുഷസ്സിന്റെ വീഥിയിലജ്ഞൻ
പടരുന്നു ധൂമം നയത്തിന്റെ മാറിൽ—
ത്തറയ്ക്കുന്നു വന്നോരായിരമമ്പുകരം
പ്രത്യുഷമേ പറയൂ പ്രവേക പ്രഭാ—
വമേ കിരീടം ധരിക്കേണ്ട കാല്യമേ
എവിടെയാണാര്യൻ മമസ്വപ്ന സൂര്യൻ
തമസ്സിന്റെ തീരം തകർക്കുന്ന ധന്യൻ?

പ്രഭാതമേ!
വിടരൂ പ്രഭാപൂര മഞ്ചമേ
ചെഞ്ചുണ്ടു വിടർത്തിച്ചിരിക്കും വിഭാതമേ!

# 'ലെയ്ക'

**ആർ. ജയന്തിദേവി**

വീണ്ടും ആ ജീവി ചുമരിലൂടെ അരിച്ചരിച്ചിറങ്ങുകയാണ്. അവളുടെ കണ്ണുകൾ അതിനെ പിൻതുടർന്നു ഭിത്തിയിലെ ദ്വാരങ്ങളിലൊന്നിൽ അതു് അപ്രത്യക്ഷമായപ്പോൾ നിരാശ തോന്നി. പോകട്ടെ, അടുത്ത തവണ.

വിശക്കുന്നു. കൈകൾ നീട്ടിവച്ച് കിടക്കാനൊരുങ്ങിയപ്പോൾ ഒരു ശബ്ദം. തിരിഞ്ഞുനോക്കി. തുളച്ചുകയറുന്ന രണ്ടു കണ്ണുകൾ. അവൻ കണ്ണുകൾ കൊണ്ട് ക്ഷണിക്കുന്നതുപോലെ തോന്നി. തല തിരിച്ചു വീണ്ടും കിടക്കാനൊരുങ്ങുമ്പോൾ ആലോചിച്ചു. ഈ പതിവ് എത്ര ദിവസമായി തുടങ്ങിയിട്ട്. ഇന്നലെയും വന്നിരുന്നു. മിനിഞ്ഞാന്നും. അതേ സ്ഥാനത്ത് അതേ നിൽപ്പ്.

ലെയ്കാ. മൃദുലമായ കരസ്പർശനം. തല പൊന്തിച്ചു നോക്കിയപ്പോൾ അഞ്ജു. ആ തലോടലിൽ ലയിച്ചു കിടന്നപ്പോഴാണോർത്തതു്. അഞ്ജൂ, ഞാൻ നിന്നെ കണ്ടിട്ട് രണ്ടു ദിവസമായല്ലോ.

മോളെ. Hand.

നീയെന്നെ കാണുമ്പോഴൊക്കെ ആവശ്യപ്പെടാറുള്ളതാണല്ലോ. വയ്യ അഞ്ജൂ. ഇനിയൊരിക്കലാകട്ടെ. വല്ലാത്ത ക്ഷീണം.

ലെയ്കാ. Hand. ലെയ്കാ.

നിവർത്തിയില്ല. അഞ്ജൂ കയ്യിൽ കടന്നുപിടിച്ചു കഴിഞ്ഞു. കിട്ടാതെ പോകുന്ന സ്വഭാവക്കാരിയല്ല അവൾ. ആ നീണ്ട കൈകളിലേയ്ക്ക് കയ്യെടുത്തു വച്ചുകൊടുക്കുമ്പോൾ.

ക്ഷീണമാണോടീ മോളെ. ഹായ്. good girl good girl.

പാവം അഞ്ജൂ. മറ്റൊരവസരത്തിലാണെങ്കിൽ ഒരുമ്മയും കൂടി തന്നേനെ. അവൾ ഞൊണ്ടി ഞൊണ്ടി പോകുന്നതു നോക്കി കിടന്നു.

തലയിലെ രോമക്കാടുകളിൽ പതുങ്ങിയിരിക്കുന്ന ജീവികളിലൊന്ന് ചെവിയിലേക്കിഴഞ്ഞു കയറുവാൻ തുടങ്ങിയപ്പോൾ അവൾ മുൻകാലുകൾ കൊണ്ട് ശക്തിയായി ചൊറിഞ്ഞു.

ആ ജീവികളെ പിടിച്ചു കാലിനിടയിൽ വച്ചു ഞെരിച്ചു കൊന്നുകൊണ്ടിരുന്നപ്പോൾ അഞ്ജൂ ഒരു ദിവസം തന്റെ മുഖത്ത് സ്നേഹപൂർവ്വം അടിച്ചുകൊണ്ട് പറഞ്ഞു — വൃത്തികെട്ടതു്. എന്നും കുളിപ്പിച്ചാലെന്താ. ഇതിന്റെ ദേഹത്തു് അത്രയും ചെള്ളാ.

താനപ്പോൾ തറയിൽ പടരുന്ന ചുവന്ന ദ്രാവകത്തിൽ ശ്രദ്ധിച്ചുകൊണ്ട് നിൽക്കുകയായിരുന്നു.

അഞ്ജൂ. ദിവസവും വൃത്തിയാക്കാറുള്ള തന്റെ മിനുമിനുത്ത ദേഹം കണ്ടാവണം ഗേളിയ്ക്കസൂയ.

പുറത്തു് വെള്ളിവെയിൽ ഉരുകിയൊലിയ്ക്കുന്നു. സൂര്യരശ്മികൾ കണ്ണുകളിലേയ്ക്ക് തറഞ്ഞു കയറുകയാണ്. കണ്ണുകളടഞ്ഞുപോകുന്നു.

ഗേറ്റു തുറക്കുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്നു. ആരോ ഒരാൾ. തന്നെ കണ്ടുവെന്നു തോന്നുന്നു. മടിച്ചു ഗേറ്റിങ്കൽ നിൽക്കുകയാണ്. ആരായാലും ഞാനെന്റെ ജോലി ചെയ്യട്ടെ.

ബൗ. ബൗ. ബൗ.

പട്ടി കടിക്കില്ല. കേട്ടോ. കേറി വരൂ. കേറി വരൂ. പേടിക്കണ്ട. കെട്ടിയിട്ടിരിക്കയാണ്. അഞ്ജൂവിന്റെ അമ്മ വെളുക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. ഇവർക്കു നന്നായി ചിരിക്കുവാനും അറിയാമല്ലോ.

വിശപ്പ് അസഹനീയമാകുന്നുണ്ട്. ഒന്നു ശ്രമിച്ചുനോക്കിയാലോ.

ബൗ. ബൗ.

അമ്മേ. അകത്തെങ്ങോ അഞ്ജൂവിന്റെ സ്വരം കേട്ടു. ലെയ്കയ്ക്ക് ഇന്നൊന്നും കൊടുത്തില്ലേ?

ഓ. ലെയ്കാ. അമ്മ പിറുപിറുക്കുന്നു. പാവം അഞ്ജൂ. എനിക്കു വേണ്ടി അവളെന്നും വഴക്കു കേൾക്കാറുള്ളതാണ്. ഇന്നു പിൻമാറിയാൽ രക്ഷയില്ല.

ബൗ. ബൗ. ബൗ.

അകത്തു പാത്രം നിരക്കുന്ന ശബ്ദം. ചെവി കൂർപ്പിച്ചു. അതെനിക്കുവേണ്ടിത്തന്നെയാകുമോ?

മാറിനിൽക്കെന്റെ പട്ടീ. ഒരു പാത്രം നിറയെ മീൻചാർ പുരട്ടിയ ചോർ മുന്നിൽ കൊണ്ടുവന്നു തട്ടുമ്പോൾ അവർ ശാസിച്ചു. പക്ഷേ ചുവന്ന നിറമുള്ള ചോർ മാത്രമായിരുന്നു മുന്നിൽ.

പാത്രം കാലിയാക്കിയിട്ടു നോക്കുമ്പോഴും അഞ്ജൂവിന്റെ അമ്മ മുന്നിൽ നില്പുണ്ടായിരുന്നു.

ഓ. നോട്ടം കണ്ടോ? അഴിച്ചു വിടാനായിരിക്കും. ഓരോന്നു പഠിപ്പിച്ചു വച്ചോളും അഞ്ജൂ. നീയ്. അഴിച്ചു വിട്ടേരമ്മേ.

ഓ....അഞ്ചു നിനക്കും തെററിപ്പോയി. എനിയ്ക്കിപ്പോഴാവശ്യം മീൻചാർ പുരട്ടിയ ചുവന്ന ചോർ മാത്രമായിരുന്നു.

''സ്വതന്ത്രമായി എന്നറിഞ്ഞപ്പോഴും ഗേളിയുടെ മുഖമാണാദ്യം ഓർമ്മവന്നതു്. ഇല്ല. ഞാനിന്നവളുമായി വഴക്കുകൂടില്ല. പക്ഷേ, ആ ഭാവം കണ്ടാൽ....വേണ്ട....ഇന്നവളുടെ വീട്ടിലേയ്ക്കു പോകാതിരുന്നാൽമതിയല്ലോ.

ലക്ഷ്യമില്ലാതെ നടന്നു....ആ ഹോട്ടലിനു പുറകിലെത്തിയപ്പോഴും....ഇറച്ചിയുടെ മണം....നാക്കിൽ വെള്ളമൂറി....

....ഛേ....ആ ഇല കൊണ്ടുപോയി....ഓഹോ....അവളാണതു്, ഗേളി....ഇന്നു വിട്ടുകൊടുക്കയില്ല....

........കോലാഹലം അസഹനീയമായതുകൊണ്ടാവണം ആരോ കല്ലു പെറുക്കി എറിഞ്ഞു....ഓടി....തിരിഞ്ഞു നോക്കിയപ്പോഴും....ഒന്നു ഞെട്ടി....ആ കണ്ണുകൾ....അവൻ....തൻെറ തൊട്ടടുത്തു്....

ആ നേത്രങ്ങളുടെ ദീപ്തിയിൽ അവൾ ലയിച്ചില്ലാതായിക്കൊണ്ടിരുന്നു....

* * * *

ക്ഷീണം....എന്തൊരു ക്ഷീണം....കണ്ണുകൾ അടഞ്ഞടഞ്ഞു പോകുന്നു....എണീററു നിൽകാൻ പോലും വയ്യ....

അടഞ്ഞ കണ്ണുകൾക്കിടയിലൂടെ കണ്ടു....ഈച്ച പറക്കുന്ന ചുവന്ന ചോറു്....രാവിലെ കൊണ്ടുവച്ചതാണു്. ഇന്നലെ തന്നതൊക്കെ രാത്രിയായപ്പോഴും അമ്മ എടുത്തു് തെങ്ങിൻ ചുവട്ടിൽ കമഴ്ത്തി.

''ഇതിനെന്തോ പററിയോ എന്തോ? രണ്ടു ദിവസമായി വല്ലതും കഴിച്ചിട്ടു്....'' അവർ ആരോടെന്നില്ലാതെ പറയുന്നതു കേട്ടു.

അഞ്ചുവിനെ കണ്ടിട്ടു് ഒരാശ്വാസം....ഓ........തീരെ വയ്യല്ലോ....തളർന്നു വീണു.

''ലെയ്കാ....നീയെന്നെ മറന്നുപോയോ....Hand....''

അഞ്ചു നീ വന്നോ....അവൾ ഉയർന്ന വയറിൽ തലോടിയപ്പോഴും എന്തൊരാശ്വാസം....

''അഞ്ചു ....അതിനു വയ്യാ....ആഹാരംപോലും കഴിക്കാറില്ല....നീ വേറെ ജോലി നോക്കി പോ'' അമ്മ അകത്തു നിന്നു വിളിച്ചുപറഞ്ഞു ''അതു് ചാവാറായിട്ടുണ്ടു്. പ്രസവം വരെ ജീവിക്കുമെന്നു തോന്നുന്നില്ല....''

പതുക്കെ കണ്ണു തുറന്നപ്പോഴും അഞ്ചുവിൻെറ നിറയാൻ തുടങ്ങുന്ന കണ്ണുകൾ മുന്നിൽ. എനിക്കിതുമാത്രം സഹിക്കാൻ വയ്യ, അഞ്ചു നിൻെറ സ്നേഹം....അവളുടെ മൃദുവായ തലോടലിൽ ലയിച്ചു കിടന്നു് എല്ലാം മറക്കാൻ ശ്രമിക്കുമ്പോഴും....

....അയ്യോ.... ദേഹം വരിഞ്ഞുപൊട്ടുന്നതുപൊലെ........ എന്തൊക്കെയോ സംഭവിക്കുന്നു....ഹോ....ഒരിററു വെള്ളം....

''അമ്മേ, അമ്മേ അഞ്ചുവിൻെറ പരിഭ്രാന്തമായ വിളി അവൾ അവ്യക്തമായി കേട്ടു. ഇരുട്ടു്....ഇരുട്ടുമാത്രം.

ലെയ്കയേയും....ചത്തു മരവിച്ച അവളുടെ അഞ്ചു കുഞ്ഞുങ്ങളേയും വേലക്കാരൻ ചെല്ലപ്പൻ കുഴിയിലിട്ടു മൂടിയപ്പോഴും അഞ്ചു പൊട്ടിപ്പൊട്ടിക്കരഞ്ഞു....ഈച്ച പാറുന്ന ചുവന്ന ചോർ തെങ്ങിൻകുഴിയിലേയ്ക്കു തട്ടിക്കൊണ്ടിരുന്ന അമ്മയുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. □

**"മനുഷ്യർ ആദികാലം മുതൽ മൃഗങ്ങളെ ദൈവത്തിനു് ബലിയർപ്പിച്ചുപോന്നു; എന്നാൽ യഥാർത്ഥ ബലിവസ്തു മനുഷ്യനിലെ മൃഗമാണെന്നു് ഒടുവിലേ മനസ്സിലായുള്ളൂ."**

**ഗാന്ധിജി**

# ......പ്രതിഫലം തേടുന്ന ഈയൽ

**ഉപ്പായി ജോൺ**

ഇരുട്ട് കട്ടപിടിച്ചു നിൽക്കുന്ന ഇരുട്ട് നട കീറിയ പായയിൽ ചുരുണ്ടുകൂടുമ്പോൾ ചതഞ്ഞരഞ്ഞ ഈയലുകളെയോർത്തു നിമിഷങ്ങളോളം സുഖിച്ച് സുഖം തേടി ജ്വാലയിൽ നശിക്കുന്ന ഈയലുകൾ താനും അഴുക്കുപുരണ്ട റോഡിന്റെ ദുർഗ്ഗന്ധം വമിക്കുന്ന ഓടയ്ക്കരികിൽ കട്ടപിടിച്ച ഇരുട്ടിനുള്ളിൽ ചിറകൊടിഞ്ഞുകിടക്കുന്ന വെറുമൊരു ഈയൽ

ചിറകൊടിഞ്ഞത് തനിക്കു മാത്രമോ? ആയിരിക്കാം Dismissal തനിക്കു മാത്രമായിരുന്നു രക്തത്തിളപ്പിന്റെ പരിണിത ഫലം പ്രിൻസിപ്പൽ കോഴ വാങ്ങിയതോ അതിനെതിരെ സമരം ചെയ്തതോ തെററ്?

പുതിയ ലോകം കണ്ടു കോളജിന്റെ പുറത്തുള്ള ലോകം വിശപ്പിനാൽ നിയന്ത്രിക്കപ്പെടുന്ന ലോകം മുഖം തിരിച്ചുപിടിച്ചിരിക്കുന്ന കൂട്ടുകാർ മുഖംമൂടികളിട്ടിരിക്കുന്ന പരിചയക്കാർ രക്തത്തിളപ്പില്ലാത്തവർ

പുതിയ ലോകം അന്വേഷിച്ചിറങ്ങി വിസ്തൃതമായ ബോംബെയുടെ തെരുവുകളിൽ അലഞ്ഞപ്പോൾ വെറുപ്പു തോന്നി വിശപ്പിനോട് ഇവിടെ ഹൃദയമില്ല അതിനൊട്ടു സ്ഥാനവുമില്ല കറുത്ത വികൃതമായ രാക്ഷസീയ മുഖം ഒരു പക്ഷെ താനെന്ന അടുക്കളപ്പണിക്കാരന്റെ മാത്രം ലോകത്തിന്റെ മുഖം

സർദാർജിയുടെ send off party-യിൽ വിളമ്പാൻ ചെന്നപ്പോൾ ഏതോ മേശയിൽ നിന്നും മുഴങ്ങിക്കേട്ട സർദാർജിയുടെ ലാഘവ ശബ്ദം Actually life is a song the more we hear the more we like to hear Intermediate ന് മൂന്നു തവണയെഴുതിയ സർദാർജി

സ്കൂളിന്റെ അഭിമാനമായിരുന്നു മാത്യു അതെ അത് അന്നത്തെ താനായിരുന്നു തലമുടി നരച്ച് വായിൽ മുറുക്കാനു മായി മുട്ടുവരെയുള്ള ഖദർ ജുബ്ബയുമിട്ടു വന്നിരുന്ന രാഘവൻ മാഷ് ഒരിക്കൽ പറഞ്ഞു Mathew Surely you deserve more 32nd rank in the state is nothing as far as you are concerned But of course I know your conditions don t stop yours studies by this Conditions സാറുദ്ദേശിച്ചത് ശരിയായിരുന്നു പത്തു മക്കളിൽ ഒരുവൻ ആകെയുള്ളത് രണ്ടര ഏക്കർ പൂഴിമണ്ണും മൂകതയിൽ മുങ്ങിയ പഴയ തറവാടിന്റെ അവശിഷ്ടങ്ങളും പുര നിറഞ്ഞു നിൽക്കുന്ന ചേച്ചിമാർ മൂക്കട്ടയൊലിപ്പിച്ച് ചെളി പുരണ്ടു തുന്നൽ നിറഞ്ഞ ഒററക്കൈ നിക്കറും ധരിച്ചു നടക്കുന്ന നിഷ്കളങ്കതയുടെ അസ്ഥികൂടങ്ങൾ അല്ല അനിയന്മാർ

Don t stop your studies by this ഇല്ല മാഷ് ഞാൻ പഠിത്തം നിറുത്തിയിട്ടില്ല ശവപ്പെട്ടി സഹിതം മാഷ് മണ്ണായി മാറിക്കൊണ്ടിരിക്കുമ്പോഴും പുതിയ മാഷുമാരുടെ അഭാവത്തിലും ഞാൻ പഠിത്തം തുടരുന്നു ലോകത്തിന്റെ മുഖങ്ങളെക്കുറിച്ച് സർദാർജിയുടെ പേഴ്സിന്റെ രഹസ്യത്തെക്കുറിച്ച് വിശപ്പിന്റെ ആഴത്തെക്കുറിച്ച് കൂട്ടുകാരുടെ മുഖംമൂടികളെക്കുറിച്ച് എല്ലാം എല്ലാം

വിശാലമായ ബോംബെയിൽ ആദ്യമായി എച്ചിലിലയ്ക്കുവേണ്ടി പട്ടികളുമായി വഴക്കിടുമ്പോൾ മനസ്സ് പിറുപിറുത്തു I deserve more ഇരുകാലിമൃഗത്തിനുള്ള ഒരു സൗജന്യം മാത്രം

അടികൊണ്ടു നീരുപിടിച്ച കാലുകൾ തടവുമ്പോൾ പോലീസുകാരെ പഴിച്ചു അവർ കുററക്കാരാണോ? ഒരു ചാൺ വയറിനുവേണ്ടി പൊരുതുന്നവർ താൻ? മോഷണം കുററമാണെന്നു പറയുന്നവരുടെ കുററംകൊണ്ടു മാത്രമല്ലേ ഞാൻ മോഷ്ടാവായത്? അവിടെയും നിർദ്ദയം പരാജയപ്പെട്ടു വീണ്ടുവിചാരമില്ലാത്തവൻ ഈയലായി പറന്നു നടന്നിരുന്നപ്പോഴും അങ്ങിനെതന്നെയായിരുന്നു വെറും വീണ്ടുവിചാരമില്ലാത്തവൻ

മാത്യു താനിതേക്കുറിച്ച് ആലോചിച്ചില്ലേ? പുതിയ പോസ്ററ് ഉണ്ടാക്കിയത് ഇഷ്ടന്റെ കക്ഷിയെ തിരുകാനാണ് ഇപ്പോഴേ എതിർത്തില്ലെങ്കിൽ എതിർത്തു് സമരംചെയ്തു മുദ്രാവാക്യം മുഴക്കി മുഷ്ടിചുരുട്ടി വായുവിലിടിച്ചു വാചാലനായി പ്രസംഗിച്ചു പോർട്ടിക്കോവിൽ യോഗംകൂടി കഷണ്ടിത്തലയിൽ മുകളിൽ നിന്നും കാർക്കിച്ചുതുപ്പി പ്രിൻസിപ്പാൾ കീഴടങ്ങി പോസ്ററ് പിൻവലിച്ചു ജനം എതിരേററു മിടുക്കൻ!

മാത്യു താനറിഞ്ഞില്ലേ വെയിററിംഗ് ലിസ്റ്റിലെ 14—ാം റാങ്കുകാരനെ 2—ാം നമ്പറാക്കി അഡ്മിഷൻ കൊടുത്തു അവന്റെയൊരു കൈമണി രക്തം തിളച്ചു അനീതിയ്ക്കെതിരെ മുദ്രാവാക്യം മുഴക്കി മുഷ്ടിചുരുട്ടി വായുവിലിടിച്ചു വാചാലനായി പ്രസംഗിച്ചു പോർട്ടിക്കോവിൽ യോഗം ചേർന്നു പ്രിൻസിപ്പാൾ കീഴടങ്ങി ജനം എതിരേററു മിടുക്കൻ!!

മാത്യു താനറിഞ്ഞോ കടവൂരിൽ നിന്നും വരുന്ന ബസ്സുകാർക്ക് കോളജ് വരെ വരാനൊരു മടി അവന്റെയൊക്കെയൊരു തടിമിടുക്ക് രക്തം തിളച്ചു ബസ്സ് തടയപ്പെട്ടു കല്ലുകൾ ചീറിപ്പാഞ്ഞു ചില്ലുകൾ പൊട്ടി

നറുങ്ങി കണ്ടക്ടർ ചതഞ്ഞു നുറുക്കപ്പെട്ട ബസ്സ് കീഴടങ്ങി ബസ്സ് പോർട്ടിക്കോവിൽ വരെ വന്നു ജനം എതിരേററു മിടുക്കൻ ! ! ഒരിക്കലും പരാജിതനാകാത്ത അനിഷേധ്യ നേതാവ്

ഇപ്പോൾ ?

Chemistry ലെ അമ്മാവൻ ഒരിക്കൽ ഓർമ്മിപ്പിച്ചു Mathew you have only two attendence in this year for my class Attendence is not a problem but you loose my lecture

കൂട്ടുകാർ മറന്നിട്ടില്ല കരീമിൻെറ അലസമായ കൈപ്പടയിൽ കിട്ടിയ എഴുത്ത് അതെ ആദ്യമായി റിക്ഷാ വലിക്കാൻ ധൈര്യം കിട്ടിയ ദിവസം അല്ല വിശപ്പ് നിർബ്ബന്ധിച്ച ദിവസം തിരികെ ഗൃഹ യിൽ പ്രവേശിക്കുമ്പോൾ വാതിൽക്കൽ പഴയ സുഹൃത്ത് എഴുത്തിൻെറ രൂപത്തിൽ താനില്ലാതെ കോളജ് ഉറങ്ങുകയാണത്രേ പുച്ഛത്തോടെ മനസ്സ് പിറുപിറുത്തു കഷ്ടം ! വാർത്തകൾ വിശപ്പിൽ മുങ്ങപ്പെട്ടു അവ നേർത്ത് അലിഞ്ഞലിഞ്ഞില്ലാതായി

വീണ്ടും എഴുത്തുകൾ കിട്ടി വീട്ടിൽനിന്ന് പണത്തെക്കുറിച്ച് പഠിത്തത്തെക്കുറിച്ച് രോഗത്തെക്കുറിച്ച് എല്ലാം കണ്ണീരിൽ കുതിർന്ന വാർത്തകൾ മറുപടികൾ മനസ്സിൽ മാത്രം ഒതുക്കിയപ്പോൾ എഴുത്തുകൾ നിലച്ചു താൻ ഒററപ്പെട്ടു ആഗ്രഹിച്ചതുപോലെ

അവസാനത്തെ എഴുത്ത് ശ്യാമിൻേറതായിരുന്നു വിവാഹത്തിനുള്ള ക്ഷണം അസൂയയിൽ കലർന്ന പുച്ഛം തോന്നി ഇണകൾക്കുവേണ്ടി പരക്കംപായുന്ന ലോകം വിശപ്പില്ലാത്ത ലോകം അവ്യക്തമായിക്കണ്ടു പ്രായമായ ചേച്ചിമാർ മുഖം താഴ്ത്തി നെടുവീർപ്പിടുന്ന അമ്മ ഗൃഹയിലെ ഇരുട്ടിന് കട്ടികൂടിയതുപോലെ അതാ അതിൽ എല്ലുന്തിയ കോലങ്ങൾ നൃത്തം ചവുട്ടുന്നു

ദൈവനിശ്ചയത്തെ ചോദ്യംചെയ്യാതെ കുട്ടി കറുപ്പിച്ച മുഖത്തോടെ വേദപാഠം ക്ലാസ്സിൽ തടിച്ച സിസ്റ്റർ പറഞ്ഞതോർത്തു അതെ അത് ഉത്തരമില്ലാത്ത ചോദ്യത്തിനുള്ള മറുപടിയായിരുന്നു എന്തിനാ സിസ്റ്ററെ ദൈവം പാവപ്പെട്ടോരേം പണക്കാരേം സൃഷ്ടിക്കുന്നത്?

വീണ്ടും ചോദിച്ചു എന്തിനാ സിസ്റ്ററെ ഇത്രേം വലിയ പള്ളി ? ആരാധനാസ്ഥാനങ്ങൾ പരിശുദ്ധമായിരിക്കണം ബന്ധമില്ലാത്ത ഉത്തരങ്ങൾ വിയർത്തൊലിച്ച് പൊരിഞ്ഞ വയറുമായി വീട്ടിൽ തിരികെ ചെല്ലുമ്പോഴും മനസ്സ് മനോഹരമായ പള്ളിയിൽ മുഴുകി നിർവൃതികൊണ്ടു പരിശുദ്ധിയും വിലയ്ക്കു വാങ്ങുന്ന ലോകം

തിരിഞ്ഞു കിടന്നപ്പോൾ ദേഹത്തെ പൊള്ളൽപ്പാടുകൾ വേദനിച്ചു പാത്രത്തിനടിയിൽ കരി കാണുന്നത് ഇത്ര വലിയ അപരാധമോ? അറിയില്ല തിളച്ച കറി തലയിലൊഴിക്കുമ്പോഴും നിശബ്ദനായി സഹിച്ചു നിന്നു ഒരു ചാൺ വയറിനുവേണ്ടി രക്തം തിളച്ചില്ല മുദ്രാവാക്യം മുഴക്കിയില്ല

ആരെങ്കിലും തന്നെ ഓർക്കുന്നുണ്ടാകുമോ? ഒരുപക്ഷെ Hockey stick പിടിച്ചുകൊണ്ടുള്ള ആ ഫോട്ടോയെങ്കിലും ഏതെങ്കിലും ഒരു മൂലയ്ക്ക് എന്നാണ് ആ ഫോട്ടോയെ ഇതിനു മുമ്പ് ഓർമ്മിച്ചത്? റോഡ് റിപ്പയറിംഗിന് മെററൽ കോരി കൈയിലെടുത്തപ്പോൾ പണ്ടത്തെ ഡിസ്ട്രിക്ട് ചാമ്പ്യനെ ഓർത്തുപോയി താനെന്ന അന്നത്തെ പറന്നുല്ലസിച്ച ഈയൽ തിളയ്ക്കുന്ന ടാർ ഓർമ്മകൾക്ക് കടിഞ്ഞാണിട്ടു സ്വപ്നം കാണാൻപോലും അനുവാദമില്ലാത്തവർ

വിവാഹം വിശപ്പില്ലാത്തവർക്കുള്ളതാണ് ഞങ്ങൾ നോക്കി നിൽക്കുന്ന സേവകരായി

നഗരം സ്വർഗ്ഗമാണെന്നു പറഞ്ഞിരുന്നവർ മാത്യു മാത്രമെന്താ Excursion ന് പേരു കൊടുക്കാത്തത്? വീട്ടിൽ പോയി ഒന്നുകൂടി ചോദിച്ചുനോക്ക് ' സാർ ഉപദേശിച്ചു വീട്ടിലെത്തുമ്പോഴേയ്ക്കും ഇരുട്ടിയിരുന്നു കരിന്തിരി കത്തുന്ന വിളക്കിനു മുമ്പിൽ കുനിഞ്ഞ ശിരസ്സുമായി അമ്മ അകത്തുനിന്നും അച്ഛൻെറ അലറുന്ന സ്വരം വെള്ളത്തിലിട്ടിരുന്ന തലേ ദിവസത്തെ കപ്പ തിന്നുന്നതിനിടയിൽ പതുക്കെ പറഞ്ഞു

ഞാൻ മാത്രമേ പോകാതിരിക്കുന്നുള്ളമ്മേ വിങ്ങിപ്പൊട്ടൽ പിന്നെ ഒന്നും ചോദിച്ചില്ല തറവാടിൻെറ പഴകി ദ്രവിച്ച തൂണുകളിൽ കണ്ണുനട്ടിരുന്നു

മാത്യു പോന്നോളൂ പൈസ ഞാനെടുത്തോളാം ഉണ്ണിസാറിന് തന്നോട് സ്നേഹമുണ്ടായിരുന്നു തിരുവനന്തപുരം എത്ര രസമാണെന്നോ? പാർക്കുകൾ ഇരുനില ബസ്സുകൾ ട്രെയിൻ വിമാനം ഹോ കണ്ടുകഴിയുമ്പോഴറിയാം സേട്ടു മുതലാളിയുടെ കാറിൽ വരാറുണ്ടായിരുന്ന മകൻെറ വ ിവരണം

ഛർദ്ദിയിൽ മുങ്ങിയ ബസ്സിൽ ഇരുന്നപ്പോൾ പ്രതീക്ഷിക്കാത്ത പലതും കണ്ടു കേട്ടു ഇരുവശത്തുമുള്ള ഓലക്കൂരകൾ അവയിൽ മരിച്ചുജീവിക്കുന്ന തന്നെപ്പോലുള്ളവർ ദുർഗ്ഗന്ധം വമിക്കുന്ന ഓടകൾ ആർക്കും കാണാനിഷ്ടമില്ലാത്തവ

ഓസിൽ പോന്നതും പോരാ ചെവികേൾപ്പിച്ചോട്ടിരുന്നോ ഇല്ല എന്തോ പറഞ്ഞു ചിരിച്ചപ്പോൾ പുറകിൽ നിന്നും കിട്ടിയ കമൻറ് തിരികെ ചെല്ലുമ്പോൾ അനിയത്തിയുടെ അസൂയയിൽ കലർന്ന് ദു ഖത്തിൽ വാടിയ മുഖം

ക്യാൻസർ പിടിച്ചു മരിച്ച ചാക്കോസാർ പലപ്പോഴും പറഞ്ഞിരുന്നു ജീവിക്കാൻ പഠിക്കണം എവിടെയായിരുന്നാലും ആട്ടെ മാത്യുവിന് ആരാകാനാ ഇഷ്ടം ഉത്തരം പറയില്ല മനസ്സിൽ ഒരു പററം ആഗ്രഹങ്ങളായിരുന്നു മററാർക്കും സാധിക്കാത്തവ

ജീവിക്കാൻ പഠിച്ചിരിക്കുന്നു രാവിലെ മാനേജരുടെ മുറിയിൽ നിന്നും ഇൻറർവ്യൂവിനു വന്നിരുന്ന പെൺകുട്ടി ഇറങ്ങിപ്പോകുന്നതു കണ്ടപ്പോൾ ചിന്തകൾ പുറകോട്ട് പാഞ്ഞു പക്ഷേ രക്തം തിളച്ചില്ല ഇത് അനീതിയല്ല ലോകനിയമം മാത്രം ഈ വൈകിയ വേളയിലെങ്കിലും താൻ മുഖംമൂടി കളഞ്ഞിരിക്കുന്നു ഫലമില്ലെന്നറിഞ്ഞുകൊണ്ട്

അയാൾ ഉറങ്ങി നടു കീറിയ പായയിൽ ചതഞ്ഞരഞ്ഞ നിഷ്കളങ്കരായ ഈയലുകളുടെമേൽ ഒരു ചിറകൊടിഞ്ഞ ഈയലായി

# കൊഴിഞ്ഞ സ്വപ്നം

—ലാലി

മധു നുകരും ശലഭമറിഞ്ഞില്ല
കാട്ടുപൂവിന്റെ വേദന
കവിത തുളുമ്പുമാ അധരങ്ങളിൽ
കാലമെഴുതിയ വേദന

വിടരാൻ കൊതിച്ചെത്ര തപസ്സിരുന്നു
വിഫലസ്വപ്നങ്ങൾ നെയ്തിരുന്നു
മധുപന്റെ ചുംബനമേറ്റു തളർന്നപ്പോൾ
മതിമറന്നു മലർ സ്വയം മറന്നു

നിർവൃതി പൂകും മുമ്പേ
നിശീഥിനിയണയും മുമ്പേ
വിധിയുടെ പരിഹാസ ശരമേറ്റു
നിദ്രയിൽനിന്നുണർന്നു മലർ
നിറമിഴിയെത്താത്ത ദൂരത്തിലെങ്ങോ
കാന്തനവൻ പോയ് മറഞ്ഞിരുന്നു
പുതിയ പൂവുകൾ തേടി

□

**"മനസ്സാക്ഷിയുടെ കാര്യങ്ങളിൽ ഭൂരിപക്ഷത്തിന്റെ നിയമത്തിനു സ്ഥാനമില്ല"**

**ഗാന്ധിജി**

# Jain Vigyan Kendra

*Manufacturers & Suppliers of*

Scientific Apparatus for Schools, Colleges, Universities, Research and Industrial Laboratories

**Near S. D College Hostels, AMBALA CANTT - 133001**

Phone : 20690 Gram VIGYAN

*Specialists in -*

A grade graduated Glassware with Works Certificate
Gas analysis apparatus all types
Plant Physiology apparatus
Interchangable ground glass joint assemblies
Distilling apparatus
Thermometers all types
Micro analysis apparatus
and
Any Special Glass apparatus according to specifications

*Manufactured by*

**JAIN VIGYAN KENDRA**
Jain Road,
Ambala Cantt - 133 001 (India)

With best Compliments

from

# Shaju Bakery & Cool Drinks

**Overbridge Junction**

**M G. Road**

**TRIVANDRUM - 1**

# കടൽ തോററു

വി. എം. അനൂപ്

